T62
Ot8

# ഓമന

സംഗീതനാടകം

CANCELLED
CANCELLED
T62
DHARMARAM COLLEGE LIBRARY BANGALORE
3909

ഗ്രന്ഥകർത്താ:—

**ജോസഫ് ഡി, ഒററപ്ലാക്കൽ**

ചിറക്കടവ്

Presented by the Author.

11—10—1956.

ഗ്രന്ഥകർത്താവിൻെറ രേഖാമൂലമായ അനുവാദം കൂടാതെ ഈ നാടകം അഭിനയിക്കുവാൻ പാടില്ലാത്തതാകുന്നു.

—സമർപ്പണം—

ദൈവദാസി

ബ: അൽഫോൻസാമ്മയുടെ

നാമകരണാഭിലാഷ

സ്മരണയ്ക്കു്.

## കഥാപാത്രങ്ങൾ

1. ഓമന — ഗ്രീസ്‌രാജാവിൻെറ ഏകപുത്രി.
2. ഡയോക്ലഷ്യൻ— റോമൻ എമ്പ്രദോർ.
3. രാജാവ് — ഗ്രീസിലെ നാടുവാഴി.
4. ഗുരു — രാജാവിൻെറ ഉപദേശി.
5. മന്ത്രി — ഗ്രീസിലെ മന്ത്രി.

സൈന്യാധിപൻ, ഭടന്മാർ, ജനങ്ങൾ.

ഒന്നാംപതിപ്പ്
കോപ്പി 1000
1956 ഡിസംബർ 8.

വില 8 ണ.

*All rights reserved.*

Printed at the S. F. S. Press, (Deepika) Kottayam.

# അവതാരിക.

ക്രിസ്തീയസഭയിലെ പുണ്യാത്മാക്കളുടെ ഗണത്തിൽ വിശുദ്ധ ഫിലോമിനായുടെ നാമം ഭക്തിയോടൊപ്പം സൗന്ദര്യബോധത്തേയും ഉല്ലാദിപ്പിക്കുന്ന ഒന്നാണ്. ആകാരസൗന്ദര്യത്തിൻേറയും ആദ്ധ്യാത്മിക സൗന്ദര്യത്തിൻേറയും പ്രതീതി ആ നാമശ്രവണത്തിൽ ആക്കും ഉണ്ടാകുന്നു. യൗവനത്തിലേയ്ക്കു പ്രവേശിക്കുന്നേ ബാലികയായിരിക്കുമ്പോൾ രാജ്ഞപദവിയേയും റോമാചക്രവത്തിയുടെ പട്ടമഹഷിസ്ഥാനത്തേയും ഉപേക്ഷിച്ചു ക്രിസ്തുവിൻെറ ദാസിയായി കന്യാവ്രതം സ്വീകരിക്കുകയും അതിലേയ്ക്കായി വീരചരമം പ്രാപിക്കുകയും ചെയ്തു ധീരകന്യകയുടെ ചരിത്രം ഭക്തജനങ്ങളെ മാത്രമല്ല, മനുഷ്യത്വമുള്ള സകലരേയും ആകഷിക്കുന്നതാണ്.

ഭാരതത്തിലും മററു രാജ്യങ്ങളിലേതുപോലെതന്നെ വിശുദ്ധ ഫിലോമിനായുടെ നാമം പ്രകീത്തിതമാണ്.. മൈസൂറിലെ മനോഹരവും ബ്രഹ്മാണ്ഡവുമായ സെൻറ്. ഫിലോമിനാ'സ് ദൈവാലയം ആ കന്യകയുടെ നാമം സംവഹിക്കുന്ന സുന്ദരമായ ഭക്തിയുടേയും സൗകുമാര്യത്തിൻേറയും പ്രതിഫലനമായി നിലകൊള്ളുന്നു. വിശുദ്ധ ഫിലോമിനാ എല്ലാവരുടേയും കണ്ണിലുണ്ണിയായിരുന്നതിനാൽ ഓമന എന്നു വിളിച്ചിരുന്നു. അങ്ങനെ വിശുദ്ധ ഫിലോമിനായുടെ ജീവചരിത്രകഥയ്ക്കു് ഇവിടെയും **"ഓമന"** എന്നു പേരു നൽകി നാടകരൂപത്തിൽ എഴുതിയിരിക്കുന്ന ശ്രീ. ജോസഫ് ഡി. ഒററപ്ലാവൻ, അദ്ദേഹത്തിൻെറ കലാവാസനയ്ക്കും സാഹിത്യാഭിരുചിയ്ക്കും പററിയ ഒരു കഥാവസ്തുവിലാണ് കൈവച്ചതു്. വിശുദ്ധ ഫിലോമിനായുടെ യജ്ഞം പൂണ്ണമായും നാടകീയമാണ്. ഈ കഥ, പാരായണത്തോടൊപ്പം അഭിനയ യോഗ്യമായ നാടകമാക്കിയപ്പോൾ ഇതിൻെറ സുന്ദരമായ ആസ്വാദ്യത വളരെ മടങ്ങു വർദ്ധിക്കുന്നു. ശ്രീ ജോസഫ് അഭിനന്ദനീയമായ സാഹിത്യശ്രമമാണ് ഈ നാടകരചനമൂലം ചെയ്തിരിക്കുന്നതു്.

ബാലികമാരായിരിക്കുമ്പോൾ തന്നെ വീരകൃത്യങ്ങൾ നിർവ്വഹിച്ചിട്ടുള്ള സുകൃതിനികളാണ് വിശുദ്ധകളായ ജോവാൻ ഓഫ് ആർക്കും, ബർണദിത്തായും, ഫിലോമിനായും മററും. ജോവാൻ ഓഫ് ആർക്കിൻെറ വീരചരിതം ഒരു കഥാഗ്രന്ഥമായി എഴുതി മുപ്പതുവർഷംമുമ്പ് ഞാൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വി. ഫിലോമിനായുടെ ചരിത്രം എന്നെ കൂടുതൽ ആകർഷിക്കുന്നു. സുന്ദരമായ ആ വിശുദ്ധനാമത്തോട് എനിക്കും എൻെറ കുടുംബാംഗങ്ങൾക്കും ഉള്ള ആദരവിൻെറ പ്രകടനമായി എൻെറ ഒരു മകൾക്ക് ഫിലോമിനാ എന്ന നാമമാണ് നൽകിയിരിക്കുന്നതു്.

വളരെ പഴക്കമുള്ള ഈ ചരിത്രകഥയെ കാലോചിതവും സുന്ദരവുമായ രീതിയിൽ നാടകരൂപത്തിൽ ആക്കിയ ശ്രീ ജോസഫിൻെറ സദ്ഉദ്യമത്തേപ്പററി എഴുതുന്നതു് എനിക്കു വളരെ സന്തോഷമുള്ള കാര്യമാണെന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു.

ഗ്രന്ഥകാരൻെറ ഭാവനാസമ്പത്തും സാഹിത്യവാസനയും കലാഭിരുചിയും "ഓമന" പ്രത്യക്ഷപ്പെടുത്തുന്നുണ്ട്. ഇതിനുമുമ്പ് അദ്ദേഹം രചിച്ചിട്ടുള്ള "ഉത്തമപുത്രൻ" "ഇരുളും വെളിച്ചവും" തുടങ്ങിയുള്ള ഗ്രന്ഥങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്. അവയിൽ ശ്രീ ജോസഫിൻെറ സാഹിത്യരംഗത്തുള്ള ശ്രമങ്ങളുടെ പുരോഗതി ഞാൻ മനസ്സിലാക്കിയിരിക്കുന്നു. വിശുദ്ധ ഫിലോമിനായുടെ മഹത്വമേറിയ ജീവചരിത്രകഥയുടെ സുന്ദരമായ ഈ നാടകരൂപം കേരളീയരുടെ ഇടയിൽ വ്യാപകമായി സ്വീകരിക്കപ്പെടുകയും അഭിനയിക്കപ്പെടുകയും ചെയ്യുമെന്നു് വിശ്വസിക്കുന്നു.

വിശുദ്ധ ഫിലോമിനായുടെ—അതേ ഓമനയുടെ—അനുഗ്രഹം ഗ്രന്ഥകാരനും മററുള്ളവർക്കും ഉണ്ടാകുവാൻ പ്രാർത്ഥിച്ചുകൊണ്ടു് ഞാൻ ഈ കൃതിയെ സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

എന്നു്,

എൽ. സി. ഐസക്ക് B. A. B. L.

(ഒപ്പ്)

കോട്ടയം
11–10–'56

# മുഖവുര.

സുഹൃത്തുക്കളേ;

വിശുദ്ധരുടെ ജീവിതം നമുക്ക് ഉത്തേജനംനൽകുന്നു. എന്തിന്? അവരെ അനുകരിക്കുവാൻ. അവരുടെ സുന്ദരമായ ജീവിതം നമുക്ക് ആനന്ദകരമായ മാർഗ്ഗനിർദ്ദേശം നൽകുന്നു. കാലത്തിൻെറ മലർവാടിയിൽ മായാത്ത പാദമുദ്രകൾ അവർ പതിച്ചിട്ടുണ്ട്. നമുക്കു അവരെ പിന്തുടരാം. ആദർശത്തിനുവേണ്ടി അമറിപ്പായുന്ന ഈ തലമുറ, സനാതനതത്വങ്ങൾക്കുവേണ്ടി വിനയാന്വിതമായി മുന്നേറുന്നില്ലെങ്കിൽ അപത്ത് അത്ര വിദൂരമല്ല. ചരിത്രംസൃഷ്ടിച്ചവരിൽ വീരചരിതനാണ് ക്രിസ്തു. ഈ സത്യം ശത്രുക്കൾപോലും സശിര:കമ്പം സമ്മതിക്കുന്നു. അദ്ദേഹത്തെ അതേപടി അനുകരിക്കുകയാണ് വിശുദ്ധർ ചെയ്തിട്ടുള്ളതു്; ചെയ്യുന്നതും. അതാതുകാലത്ത് വിശുദ്ധരെ തിരുസ്സഭ ആദർശരത്നങ്ങളായി ചൂണ്ടിക്കാണിക്കാറുണ്ട്. അവരിൽ ബാലികമാരുടേയും യുവതികളുടേയും തികഞ്ഞ ഒരു മാതൃകയാണ് വി. ഫിലോമിനാ, അഥവാ "ഓമന". ജീവിച്ചിരുന്നപ്പോൾ മാതാപിതാക്കന്മാർക്കും തൻെറ പ്രജകൾക്കും "ഓമന''യായിരുന്ന അവൾ എന്നും ഓമനതന്നെ ആയിരിക്കട്ടെ.

ഈ നാടകം ബലഹീനതയുടെ ഒരു സമാഹാരമായിരിക്കാം. തെററുകളും കുററങ്ങളും അങ്ങേഅററംമുതൽ ഇങ്ങേഅററംവരെ കണ്ടേക്കാം. എങ്കിലും...നാം വളരെക്കാലമായി വണങ്ങുകയും അനുകരിക്കുകയും ചെയ്യുന്ന വി. ഫിലോമിനായുടെ ചരിത്രകഥ നാടകരൂപത്തിൽ കൈരളിയ്ക്കു സമർപ്പിക്കുവാൻ സാധിച്ചതിൽ എനിക്കു അതിയായ ആനന്ദം ഉണ്ട്.

ഈ കൃതിയ്ക്കു് ഒരു അവതാരിക എഴുതിത്തന്നു് എന്നെ അനുഗ്രഹിച്ച പണ്ഡിതനായ ശ്രീ: എൽ. സി. ഐസക്ക് B. A. B. L. അവർകളോടും, ഇതിലെ ഗാനരചനയിൽ എന്നെ സഹായിച്ച സുപ്രസിദ്ധ യുവകവിയും ലേഖകനുമാ

യ ശ്രീ: എൻ.സി. മാത്യു, പൊൻകുന്നത്തിനോടും, ഇത്ര വേഗം ഇത്രയും ഭംഗിയായി ഈ കൃതി അച്ചടിച്ചുതന്ന ദീപികാപ്രസ്സധികൃതരോടും, ജോലിക്കാർ ഓരോരുത്തരോടും, എന്നുവേണ്ടാ ഈ ഗ്രന്ഥരചനയിൽ ഏതെല്ലാംവിധത്തിൽ എന്നെ സഹായിച്ചിട്ടുണ്ടോ അവരോരോരുത്തരോടും എനിക്കുള്ള ഹൃദയംഗമമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

അങ്ങനെ സഹൃദയരായ നിങ്ങളുടെ മുമ്പിലേയ്ക്കു് എന്റെ നാലാമത്തെ ശിശുവായ "ഓമന" കൊച്ചുകാലു പിച്ചവച്ചു വരികയാണു്. "ഓമന" എല്ലാവരുടേയും ഓമനയായിത്തീരട്ടെ.

എന്നു്,

ഗ്രന്ഥകർത്താ.

ചിറക്കടവു്
11-10-1956

# ഓമന

## രംഗം I

(റോമൻ ചക്രവത്തി ഡയോക്ലഷ്യൻെറ ഉദ്യാനം. ഗ്രീസ് രാജാവിൻെറ പുത്രി ഫിലോമിനാ (ഓമന) പ്രാത്ഥനാനിരതയായി മുട്ടുകുത്തി കാണപ്പെടുന്നു. സമയം സായാഹ്നം.)

ഓമന– (പാടുന്നു)

(യേശുവേ എൻ.......)

ഏഴകൾക്കെല്ലാശ്രയമേ, യേശുദേവാ,
കുമ്പിടുന്നേൻ
പാപഭാരംകൊണ്ടുമർത്ത്യർ–കേണിടുന്നു–|
പാരമയ്യോ–
നീചൊരിഞ്ഞുരക്തമേറെ, ഹാ മറന്നു–
മർത്ത്യരെല്ലാം
ഞാൻമറന്നു നിൻെറസ്നേഹം, പ്രാത്ഥനയിൽ
മന്ദയായി

ഹാ-തകന്റെൻ ചിത്തപത്മം
നീയൊഴിഞ്ഞില്ലാശയെന്നിൽ
(ഏഴകൾക്കുള്ളാശ്രയമേ...)

ജഗദീശ്വര; കരുണാനിധീ കൃതഘ്നയായ ഈ ഏഴയെ കൈവിടരുതേ. പതിവുപോലെ അങ്ങയെ ധ്യാനിക്കാൻ സാധിക്കാതെവന്നതിൽ എന്നോടു ക്ഷമിക്കണമേ. (എഴുന്നേററു്) ഡയോക്ലഷ്യൻചക്രവർത്തിതിരുമനസ്സിലെ തിരുനാൾമഹോത്സവത്തിൽ സംബന്ധിക്കുവാൻ വന്നദിവസം മുതൽ എന്റെ പ്രാർത്ഥന ശരിയാകുന്നില്ലെന്നു് എനിയ്ക്കറിയാം. ഭയങ്കരപാപങ്ങളുടെ ദുർഗന്ധം വമിക്കുന്ന ഈ കൊട്ടാരത്തിൽനിന്നും മടങ്ങിപ്പോയാലേ എനിക്കു സമാധാനമാകയുള്ളൂ. എവിടെ നോക്കിയാലും ഭീകരത ഫണമുയർത്തി വിളയാടുന്നു. ഉടൻതന്നെ അച്ഛന്റെക്കൂടെ ഗ്രീസിലേയ്ക്കു മടങ്ങണം.

(മുട്ടിന്മേൽനിന്നു് കൈകൾ കൂപ്പി) ഹാ ദൈവമേ; ഈ നരകത്തിൽനിന്നു് ഉടനെതന്നെ ഞങ്ങളെ കരേററണമേ. . . . ഞങ്ങളുടെ യാത്രയിൽ കാത്തു കൊള്ളണമേ. . . .

(പാടുന്നു)

തുടർച്ച:-

മായതന്നിൽ മോഹിതരാം
മാനവർക്കില്ലാശയേതും
പാപച്ചേററിൽ വീണിടാതെ
നീ ദയാലോ കാക്കുകെന്നേ.
(ഏഴകൾക്കുള്ളാ...)

(ഓമന കൈകൾക്രൂപ്പി കുമ്പിട്ടുനില്ക്കുന്നു. ഡ യോക്ലുഷ്യൻ ചുററുപാടുംനോക്കി മടിച്ചു മടി ച്ചു പ്രവേശിക്കുന്നു)

ഡയോ– ഫിലോമിനാ, കുമാരി ഇവിടെ എന്തു ചെയ്യുകയാണ്. (ഓമന പെട്ടെന്ന് എഴുന്നേററ് ഉപചാരപൂർവ്വം നിൽക്കുന്നു) നീ നമ്മു ടെ ഉദ്യാനത്തിലെ കുസുമറാണിയാണ്. ഹാ! ഈ ദേവതയുടെ മുമ്പിൽ തരുനിരകൾപോലും നമ്റശിരസ്കരായി കാണപ്പെടുന്നല്ലോ. ഈ സു കുമാരകളേബരത്തെ ഏകാന്തതയിൽ കണ്ടു് കൺകുളിർക്കെ ആസ്വദിക്കുന്നതിനു അനുഗ്രഹി ച്ച ജൂപ്പിററർദേവനു് ആയിരം സ്തുതികൾ നേ ന്നുകൊള്ളുന്നു. കുമാരീ, ദേവിയെ കാണുന്നതി നുവേണ്ടി നാം അന്തഃപുരം മുഴുവൻ അന്വേ ഷിച്ചല്ലോ.

ഓ– (സവിനയം) തിരുമേനീ, ഞാൻ കൊട്ടാരത്തി ൽതന്നെ ഉണ്ടായിരുന്നല്ലോ.

ഡ– നമ്മുടെ ഉത്സവാഘോഷങ്ങളിൽ സംബന്ധി ക്കുവാൻ അച്ഛനോടൊപ്പം കുമാരിയും ആ ഗതയായതിൽ നമുക്കു് അതിയായ ആനന്ദം ഉ ണ്ടു്. ജന്മനക്ഷത്രമഹോത്സവം പ്രതീക്ഷാതീത മായി ശോഭിക്കുവാൻ കാരണം കുമാരിയുടെ സാന്നിദ്ധ്യം ഒന്നുമാത്രമാണ്.

ഉ– ഈ സ്തുതികൾക്കൊന്നിനും ഞാൻ യോഗ്യയ ല്ല. അങ്ങയുടെ വ്യക്തിപ്രാഭവങ്ങളുടെ മുമ്പിൽ ഞാൻ വെറും ശൂന്യയാണ്. വിലമതിക്കത്ത ക്കതായ യാതൊരു ഗുണവിശേഷവും എനി ക്കില്ല.

ഡ– എന്തു്! നമ്മുടെ സാമന്തരാജാവിന്റെ പ്രിയ പുത്രി ഫിലോമിനാ–അതേ, ഗ്രീസിലെ പൊലിയാത്ത സൗന്ദര്യദീപം നമ്മുടെ മുമ്പിൽ ശൂന്യയെന്നോ? ഹ...ഹ...ഹ...ഹ (ഉറക്കെചിരിക്കുന്നു) കൊള്ളാം കുമാരിയില്ലാത്ത ഓരോ നിമിഷവും നമുക്കു് നിഷ്പ്രഭമായിത്തോന്നുന്നു.

ഓ– തിരുമേനി; അങ്ങയുടെ സംസാരം എന്നെ ധർമ്മസങ്കടത്തിലാക്കുന്നു.

ഡ– ദേവി; അപ്പോൾ വിശേഷമൊന്നും പറഞ്ഞില്ലല്ലോ. ഇന്നുതന്നെ അച്ഛന്റെകൂടെ പോകണമെന്നു നിർബന്ധമുണ്ടോ? നയനമോഹനമായ കാഴ്ചകളുടെയും കർണ്ണാനന്ദകരമായ ഗാനതല്ലജങ്ങളുടെയും കലവറയായ ഈ റോമാപ്പുരി മുഴവൻ നമുക്കൊരുമിച്ചു സന്ദർശിക്കാം.

ഓ– തിരുമേനി; എനിയ്ക്കു് ഇന്നുതന്നെ ഗ്രീസിലേയ്ക്കു മടങ്ങണം. ഇവിടുത്തെ അത്ഭുതകരമായകാഴ്ചകൾ ഇനി ഒരവസരത്തിൽ വന്നുകണ്ടുകൊള്ളാം.

ഡ– എന്താണിത്ര ധ്രതി. ഇക്കാണുന്ന അംബരചുംബിയായ മണിമേടയിൽസേവനതല്പരരായ പരിചാരകവൃന്ദത്തിന്റെ പരിലാളനമേററും ഹൃദയം കവരുന്ന കാഴ്ചകൾ കണ്ടുംമററും ഉല്ലാസമായി കഴിയാമല്ലോ.

ഓ– വേണ്ട തിരുമേനി; അച്ഛൻ എന്നെക്കൂടാതെ പോകുകയില്ല.

ഡ– (ചുററുപാടുംനോക്കി പതുക്കെ അടുക്കുന്നു. ഓമന പരിഭ്രമിക്കുന്നു.) ഹാ, നമ്മുടെ ഹൃദയം കവന്ന വെള്ളിനക്ഷത്രമേ, നിന്റെ പ്രഭാവല

യത്തിൽ നാം ലയിച്ചുകഴിഞ്ഞു. തങ്കമേ; ഒന്നു ചിരിക്കൂ. ആ മധുവൂറുന്ന അധരപുടങ്ങളിൽ ചൂടുള്ള ഒരു ചുംബനത്തിൽ നമ്മെ.....(സേവകൻ പെട്ടെന്നു പ്രവേശിക്കുന്നു)

ഡ- (ഉൽക്കടകോപത്തോടെ) നീ എന്തിനിവിടെ വന്നു.....ശവമേ...

സേ- (വിറച്ചുകൊണ്ടു്) തിരുമേനീ ക്ഷമിക്കണം; രാജാക്കന്മാർ പലരും യാത്രാനുമതിക്കുവേണ്ടി തിരുമുഖം പാൎക്കാൻ കാത്തുനില്ക്കുന്നു. (ഒരുവശത്തേയ്ക്കു നോക്കിക്കൊണ്ടു്) ഓ ഗ്രീസിലെമഹാരാജാവു തിരുമനസ്സുകൊണ്ടു ഇങ്ങോട്ടു എഴുന്നള്ളുന്നല്ലോ.

രാജാ- (പ്രവേശിച്ചു ആദരവോടെ) തിരുമേനീ,; ഞങ്ങൾ പുറപ്പെടട്ടെ. അങ്ങയുടെ നിസ്സീമമായ കാരുണ്യത്തിനും മഹാമനസ്കതയ്ക്കും ഞങ്ങൾ എന്നെന്നും കൃതജ്ഞരാണു്.

ഓ- അച്ഛാ; ഒട്ടും താമസിക്കണ്ടാ. നമുക്കു ഉടനെതന്നെ പുറപ്പെടണം.

ഡ- ഇത്ര തിടുക്കമെന്തു്?

രാ- തിരുമേനീ; പല അത്യാവശ്യകാൎയ്യങ്ങളും ചെയ്തുതീൎക്കേണ്ടതുണ്ടു്. മന്ത്രി തനിച്ചേ ഉള്ളല്ലോ.

ഡ- ശരി; നിർബന്ധമാണെങ്കിൽ പോകുക. താമസിയാതെ തന്നെ നിങ്ങൾ രണ്ടുപേരും നമ്മെ സന്ദൎശിക്കുമല്ലോ

രാ- ഉവ്വു് തിരുമേനീ (രാജാവും ഓമനയും ചക്രവൎത്തിയെ വന്ദിച്ചിട്ടു് പോകുന്നു. ചക്രവൎത്തി ഓമനയെ നിൎന്നിമേഷനായി നോക്കിനില്ക്കുന്നു. ഇടയ്ക്കിടയ്ക്കു കോപത്തോടെ സേവകനേയും)

(യവനിക)

## രംഗം II

(ഗ്രീസിലെ രാജധാനി. രാജാവും ഗുരുവും മന്ത്രിയും സംസാരിച്ചുകൊണ്ടു പ്രവേശിക്കുന്നു. സമയം മദ്ധ്യാഹ്നം.)

രാജാവ് – ഗുരോ: അങ്ങനെ നിർബന്ധിക്കരുത്. നാംഒരിക്കലും അതു സമ്മതിക്കുകയില്ല. അങ്ങ് ഇവിടെ ഇല്ലായിരുന്നുവെങ്കിൽ ഇന്ന് നമ്മുടെ അവസ്ഥ എന്താകുമായിരുന്നു. അങ്ങയുടെ വിലയേറിയ ഉപദേശം നമുക്ക് എപ്പോഴും അത്യാവശ്യമാണ്. ആയതിനാൽ അങ്ങ് വീണ്ടും ഈ കൊട്ടാരത്തിൽതന്നെ താമസിച്ചാലും.

ഗുരു– തിരുമേനീ; ഞാൻ ഈ കൊട്ടാരത്തിൽ വന്നിട്ട് കൊല്ലങ്ങൾതന്നെ പലതായല്ലോ. എൻെറ പ്രവൎത്തനോദ്ദേശ്യം ആഗോളവ്യാപകമായരീതിയിൽ ക്രിസ്തുമത തത്വങ്ങൾ അറിയിയ്ക്കുക എന്നതാണ്.

രാ– അതിനെന്തു്? നമ്മുടെരാജ്യത്തിൽ സുവിശേഷവേല പൂൎത്തിയായില്ലല്ലോ.

ഗു– തീൎത്ഥാടനംവഴി പല പുണ്യസ്ഥലങ്ങളും ഇനിയും സന്ദൎശിക്കുവാനുമുണ്ടു്.

മന്ത്രി– ഗുരോ നിർബന്ധിക്കാതെ; ഈ രാജ്യത്തിൽ ഇനിയും എത്രപേർ അജ്ഞാനികളായി കഴിഞ്ഞുകൂടുന്നു. അവൎക്കും സത്യവെളിച്ചം കാണി

ച്ചുകൊടുക്കണ്ടേ. അതുകൊണ്ടു് തുടങ്ങിവച്ച ജോലി പൂർത്തിയാക്കുകയല്ലേ കുറച്ചുകൂടെനല്ലതു്.

രാ- അതേ; അതുതന്നെയാണു നല്ലതു്. നമ്മുടെ രാജ്യത്തിലെ എല്ലാ പ്രജകളും സത്യവിശ്വാസത്തിൽ ലയിച്ചുകഴിഞ്ഞതിന്റെശേഷം നമുക്കെല്ലാവർക്കുംകൂടെ പ്രേഷിതജോലിയ്ക്കായി പുറപ്പെടാം.

മ- ഗുരോ; തിരുവുള്ളം അനുസരിച്ചു് നമുക്കു പെരുമാറാം.

രാ- ഒന്നോർത്തുനോക്കൂ. അങ്ങയുടെ പ്രാർത്ഥന ഇല്ലായിരുന്നുവെങ്കിൽ നമുക്കിന്നു് ഫിലോമിനായുടെ- അതേ എന്റെ ഓമനയുടെ- പിതാവാകുവാൻപോലും സാധിക്കുമായിരുന്നോ?

ഗു- ദൈവം അങ്ങേയ്ക്കുനല്കിയ ഈ പ്രത്യേകാനുഗ്രഹത്തിനു്, എന്തുമാത്രം നന്ദിപ്രകടിപ്പിച്ചാലും മതിയാകുന്നതല്ല.

സേവകൻ- (പ്രവേശിച്ചു്) തിരുമേനി; റോമിൽനിന്നും ഒരു ദൂതൻ വന്നു നില്ക്കുന്നു.

രാ- എന്തു്? റോമിൽനിന്നോ? മന്ത്രിസത്തമാ വേഗംപോയി ദൂതനെ കൂട്ടിക്കൊണ്ടുവരൂ. (മന്ത്രിയും സേവകനും രാജാവിനെ വന്ദിച്ചിട്ടു പോകുന്നു)

ഗു- തിരുമേനി; ഒന്നുണർത്തിക്കുവാനുണ്ടു്. ഓമനയുടെ ഇതഃപര്യന്തമുള്ള വിദ്യാഭ്യാസം അവസാനിപ്പിച്ചു് രാജ്യഭരണസംബന്ധമായ ശിക്ഷണം കൊടുക്കുകയല്ലേ ഇനിയും വേണ്ടതു്.

രാ- വാസ്തവമാണു്. പക്ഷേ അവർക്കു് എപ്പോഴും പ്രാർത്ഥനയും ഉപവാസവുമാണു്. എന്നാലും ന

മ്മുടെ കാലശേഷം പ്രജാക്ഷേമതല്പരയായി രാജ്യഭരണം നടത്തേണ്ടവളല്ലേ. അതിനാൽ രാഷ്ട്രമീമാംസയിൽ കൂടുതൽ ശിക്ഷണം കൊടുക്കേണ്ടിയിരിക്കുന്നു. (മന്ത്രി മ്ളാനവദനനായി പ്രവേശിക്കുന്നു)

രാ– മന്ത്രീ; ദൂതൻ എവിടെ?

മ– (ദൗത്യം ആദരവോടെ നീട്ടികൊണ്ടു്) തിരുമേനീ; ദൗത്യം അടിയന്റെകയ്യിൽ തന്നിട്ടു് ദൂതൻ ഒന്നുംഉരിയാടാതെ പൊയ്ക്കളഞ്ഞു.

ഗു– (സംശയത്തോടെ) എന്തായിരിയ്ക്കും അതിന്റെ കാരണം.

രാ– കാരണം ഒന്നും മനസ്സിലാകുന്നില്ലല്ലോ. (ദൗത്യം വായിക്കുന്നു. മുഖം മ്ളാനമാകുന്നു)

ഗു– തിരുമേനീ! എന്താണുവിശേഷം?

രാ– ചക്രവർത്തിതിരുമനസ്സുകൊണ്ടു് നമ്മോടു യുദ്ധപ്രഖ്യാപനം ചെയ്തിരിക്കുന്നു. (ചിന്താകുലനായി) അദ്ദേഹത്തിനെതിരായി നാം ഒന്നും പ്രവർത്തിച്ചിട്ടില്ലല്ലോ.

ഗു– (ആലോചിക്കുന്നു) എനിയ്ക്കുതോന്നുന്നതു് ക്രിസ്തുമതവൈരികളുടെ പ്രേരണ ഒന്നുമാത്രമാണു് ഇപ്പോൾ യുദ്ധപ്രഖ്യാപനത്തിനു ഇടയാക്കിയതെന്നാണു്.

മ– അതേ നാം ക്രിസ്തുമതം സ്വീകരിച്ചതും വിഗ്രഹാരാധന നിരോധിച്ചതും ചക്രവർത്തിയ്ക്കു് ഇഷ്ടപ്പെട്ടില്ലായിരിക്കാം. ങ – വേറൊരുകാര്യം –

രാ– എന്താണതു്?

മ– തിരുമേനിയും ഓമനക്കുമാരിയുംകൂടെ റോമിലേയ്ക്കു എഴുന്നെള്ളണമെന്നു ചക്രവർത്തി വീണ്ടും

അറിയിച്ചിരുന്നല്ലോ. ഓമനക്കുമാരി വിസമ്മതിച്ചതിനാൽ കുമാരിയ്ക്കു് സുഖമില്ലെന്നും പറഞ്ഞു് ഒന്നിലധികം പ്രാവശ്യം മറുപടി കൊടുത്തതല്ലോ.

രാ— ഓ അതു ശരിയാണല്ലോ.

ഗു— തന്നെയുമല്ല ഇവിടെനിന്നും നാടുകടത്തിയ മന്ത്രവാദികളും രാജദ്രോഹികളും നമ്മുടെ ഭരണകൂടത്തിനെതിരായിപ്രചാരവേലചെയ്യുന്നുണ്ടു്.

രാ— തീർച്ചയായിട്ടും.

മ— പോരെങ്കിൽ നമ്മുടെ അഭിവൃദ്ധിയിൽ അസൂയാലുക്കളായ രാജാക്കന്മാർ ക്രിസ്തുമതവൈരിയായ ചക്രവർത്തിയെ വേണ്ടവണ്ണം തെററിദ്ധരിപ്പിച്ചിട്ടുമുണ്ടു്.

രാ— പ്രിയപ്പെട്ടവരേ; ഈ സന്ദർഭത്തിൽ എന്താണു വേണ്ടതു്. നിങ്ങൾ തന്നെ തീരുമാനിക്കുവിൻ.

ഗു— (ആലോചിച്ചു) കഴിവുള്ളിടത്തോളം സമാധാനപരമായ ഭരണത്തെയാണു് ആരും ആഗ്രഹിക്കുന്നതു്, ഇതിൻെറ പശ്ചാത്തലത്തിൽ നാടിൻെറയും നാട്ടാരുടേയും ക്ഷേമത്തെ മുൻനിറുത്തി, തിരുമേനിതന്നെ നേരിട്ടെഴുന്നള്ളി ചക്രവത്തിയോടു് സമാധാനം അപേക്ഷിക്കുകയാണു് നല്ലതെന്നു് എനിക്കുതോന്നുന്നു.

മ— എന്തിനു് ഈ മാതിരി ദുഷ്പ്രഭുക്കളെ ബഹുമാനിക്കുന്നു. നമ്മുടെ സമാധാനാപേക്ഷഭീരുത്വത്തിൽനിന്നു് ഉടലെടുത്തതാണെന്നു് അവർ തെററിദ്ധരിക്കും. രാഷ്ട്രമീമാംസയിലെ സാമാന്യ മര്യാദപോലും തീണ്ടിയിട്ടില്ലാത്ത

അധീരത്വം! കഷ്ടം! നമ്മിൽ അടിയുറച്ചിരിക്കു ന്ന സത്യവിശ്വാസത്തെ ഉന്മൂലനാശം ചെ യ്യാമെന്നു് അവർ വ്യാമോഹിക്കുന്നു. പക്ഷെ...

ഗു- (പെട്ടെന്നു്) മന്ത്രിസത്തമാ-

മ- ഗുരോ. നോക്കണേ റോമൻസംസ്കാരത്തിന്റെ ഒരു മാനദണ്ഡം. ഒരു ദൂതൻ വന്നിട്ടു് മറുപടി പോലും പ്രതീക്ഷിക്കാതെ സ്ഥലംവിട്ടു. എ ന്തൊരു മര്യാദ- എന്തൊരനീതി. ഈ മാതി രി അക്രമങ്ങളെ വകവച്ചുകൊടുക്കുവാൻ പാടി ല്ല. മരിക്കേണ്ടിവന്നാലും ഇത്തരം അധർമ്മ ത്തോടു് പോരാടുകതന്നെവേണം.

ഗു- പ്രക്ഷുബ്ധനാകാതേ. ഞാൻ പറയുന്നതു് അനു സരിക്കുക. ഏതായാലും മഹാരാജാവുതിരുമ നസ്സുകൊണ്ടു് റോമിലേയ്ക്കു് എഴുന്നള്ളട്ടെ,

രാ- പ്രിയപ്പെട്ടവരേ, നമ്മുടെ ആദർശങ്ങൾക്കുവേ ണ്ടി എന്തും സഹിക്കുവാൻ നാം സന്നദ്ധനാ ണു്. ഏതായാലും ഗുരുവിന്റെ ഉപദേശമനു സരിച്ചു് നമുക്കു് യുദ്ധം കൂടാതെ കഴിക്കുവാൻ ശ്രമിക്കാം.

മ- ദുഷ്ടനായ ആ ചക്രവർത്തി സമാധാനത്തിനു മു തിരുമോ എന്നാണു് അടിയന്റെ ഭയം.

ഗു- ഏതായാലും നമുക്കൊന്നു പരീക്ഷിച്ചുനോക്കാം.

രാ- (മന്ത്രിയോടു്) ഉടൻതന്നെ യാത്രയ്ക്കുവേണ്ട സ ജ്ജീകരണങ്ങൾ ഏർപ്പാടുചെയ്യൂ.

മ- കല്പനപോലെ. (പോകുന്നു. മറുവശത്തുകൂടെ ഓ മന പ്രവേശിക്കുന്നു)

ഓമന- അച്ഛാ; എന്താണച്ഛൻ മ്ലാനവദന നായി കാണപ്പെടുന്നതു്. അങ്ങയെ വേദനി

പ്പിക്കുവാൻ എന്തു സംഭവിച്ചു. പറയൂ അച്ഛാ.

രാ— (പുത്രിയെ ആശേ്ളഷിച്ചുകൊണ്ടു്) ഒന്നുമില്ല മകളേ. ഓമന എന്റെ സന്തോഷത്തിന്റേയും സംതൃപ്തിയുടേയും ഏകനിദാനമല്ലേ. നിന്റെ സാമിപ്യത്തിൽ വേദന എന്നെ തീണ്ടുകപോലുമില്ല. ങാ... ഒരു കാര്യം പറയുവാനുണ്ടു്. നമുക്കു് ഉടനെതന്നെ റോമിലേയ്ക്കു് പോകേണ്ടിയിരിക്കുന്നു.

ഓ— എന്താണിത്ര അടിയന്തിരമായ ആവശ്യം. അച്ഛനെ പിരിഞ്ഞിരിക്കുന്നതിൽ എനിക്കു് അശേഷം തൃപ്തിയില്ല. എന്നാൽ.....

രാ— അതിനെന്താ ഓമനക്കൂടെ പോരുക. ചക്രവത്തി തിരുമനസ്സുകൊണ്ടു് എത്രനാളായി ഓമനയെ ക്ഷണിക്കുന്നു.

ഓ— അതുകൊണ്ടുതന്നെയാണു് ഞാൻ വരുവാൻ മടിക്കുന്നതു്.

ഗു— ഓമനേ, ഒട്ടും മടിയ്ക്കേണ്ടാ. ഈ യാത്രയിൽ റോമിലെ സുപ്രസിദ്ധമായ പുണ്യസ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്യാമല്ലോ.

ഓ— നിർബന്ധമാണെങ്കിൽ ഞാനും പോരാം. പക്ഷേ അച്ഛൻ എപ്പോഴും എന്റെകൂടെ ഉണ്ടായിരിക്കണം.

രാ— ഛേ അബദ്ധം പറയാതെ. എന്റെ ഓമനയെ പിരിഞ്ഞിരിക്കുക എനിക്കു സാദ്ധ്യമല്ല. അതിനാൽ പോകാൻ തയാറായിക്കൊൾക. നമ്മുടെ യാത്രയിൽ ദൈവാനുഗ്രഹം ഉണ്ടാകുവാനായി നമുക്കു പ്രത്യേകം പ്രാത്ഥിക്കാം.

(മൂവരും കൈകൂപ്പി പാടുന്നു)

(കണ്ണും പൂട്ടിയുറങ്ങുക . . . . .)

അമ്മേ, മേരി നീ യാശ്രയമെന്നും
ചെമ്മേ നൽകു നിന്നാശിഷം നിത്യം
മായയാം മോഹിനി മാടിവിളിപ്പൂ.
ലോകം സൗഖ്യത്തിലാശകൾ വയ്പൂ.!!
മേലേ വാനവർ പാടിസ്തുതിപ്പൂ
അമ്മേ, നിൻഗുണലോലസംഗീതം
പാലയ പാലയ പാവനേ നിത്യം
തായേ താവക ഗാനങ്ങൾ നിത്യം!!

(യവനിക)

## രംഗം III

(ഡയോക്ലഷ്യൻ ചക്രവത്തിയുടെ കൊട്ടാരം. ചക്രവത്തി സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നു. സൈന്യാധിപൻ പ്രവേശിക്കുന്നു. സമയം അപരാഹ്നം.)

സൈ– തിരുമേനി വിജയിച്ചാലും. ഗ്രീസിലെ മഹാരാജാവു് പുത്രിയോടൊരുമിച്ചു തിരുമുഖം കാണാൻ സമയം പാത്തുനില്ക്കുന്നു.

ഡ– (ഉറക്കെ ചിരിക്കുന്നു) ഹ...ഹ...ഹ...ഹ... അവൻവന്നോ? സമസ്തലോക സാമ്രാട്ടായ ഈ ഡയോക്ലഷ്യൻെറ യുദ്ധപ്രഖ്യാപനത്തിനു വില ഇല്ലെന്നോ? സൈന്യാധിപാ!

സൈ– കല്പിച്ചാലും—

ഡ– ഹ...ഹ...ഹ...ഹ... (ചിരിച്ചുകൊണ്ടു്) അവൻവന്നു അല്ലേ? വരുമെന്നു് നമുക്കറിയാം. പുത്രിയുംകൂടെ ഉണ്ടു് അല്ലേ? ആ സൗന്ദര്യധാമത്തെ കൺകുളിർക്കെ ഒന്നുകാണണം. അവൾ നമ്മുടെ സ്വന്തമാണു്. ഇതിനെതിരായി ഉയരുന്ന സകല ശക്തികളേയും നാം തകർക്കും.

സൈ– (ഉറക്കെ) തകർക്കണം... തിരുമേനീ...

ഡ– ഹ...ഹ...ഹ... താനാണു് എനിക്കേറ്റം പ്രിയപ്പെട്ടവൻ. സൈന്യാധിപാ!

സൈ– കല്പിച്ചാലും തിരുമേനീ...
ഡ– ക്ഷണം അവരെ നമ്മുടെ മുമ്പിലേയ്ക്കു് ആനയിക്കൂ.
സൈ– കല്പനപോലെ. (സൈന്യാധിപൻ പോകുന്നു)
ഡ– (ആത്മഗതം) അങ്ങനെ ഇന്നു മുതൽ അവൾ എൻേറതാകും. ഫിലോമിനാ...ഹ...ഹ...ഹ...
(വീണ്ടും ചിരിക്കുന്നു)
ഓമന—എത്രനല്ല പേരു്. (സൈന്യാധിപൻ മുമ്പിലും രാജാവും പുത്രിയും പുറകിലും ആയി പ്രവേശിക്കുന്നു.)
രാ– ചക്രവർത്തിതിരുമനസ്സുകൊണ്ടു് വിജയിച്ചാലും.
ഡ– (ഗൗരവത്തിൽ) ങു്... ഇരിയ്ക്കണം. (രാജാവു് ഇരിക്കുന്നു) എന്താണു വന്നതു്.
രാ– തിരുമേനി എന്തിനായിരിക്കുമോ യുദ്ധപ്രഖ്യാപനം ചെയ്തതു്. അവിടത്തെ അഭീഷ്ടത്തിനെതിരായി ഞാൻ യാതൊന്നും പ്രവർത്തിച്ചിട്ടില്ലല്ലോ. എന്തെങ്കിലും തെററു ചെയ്തിട്ടുണ്ടെങ്കിൽ അങ്ങു കല്പിക്കുന്ന പരിഹാരം ചെയ്യുവാൻ ഞാൻ തയാറാണു്.
ഡ– താങ്കൾ വരുമോ ഇല്ലയോ എന്നറിയുന്നതിനു വേണ്ടിക്കൂടെയാണു് നാം യുദ്ധപ്രഖ്യാപനം ചെയ്തതു്. താങ്കൾ നമ്മുടെ രാജ്യത്തിലെ സാമന്തരാജാവല്ലേ?
രാ– അതേ തിരുമേനീ.
ഡ– നമ്മുടെ കല്പനകൾ അക്ഷരശ്ശ:നിറവേററുവാൻ താങ്കൾ ബാദ്ധ്യസ്ഥനല്ലേ?
രാ– തീർച്ചയായിട്ടും.

ഡ– നിങ്ങൾ ക്രിസ്ത്യാനികളാണോ?

രാ– അതു്.....അതു്......

ഓ– അതേ തിരുമേനീ: ഞങ്ങൾ ക്രിസ്ത്യാനികൾ തന്നെ. അച്ഛാ മടിക്കാതെ പറയൂ.

രാ– അതേ ഓമന പറഞ്ഞതു വാസ്തവമാണു്.

ഡ– ഛെ നാട്ടവാഴി, (ഗൗരവത്തിൽ) നമ്മുടെ സാമ്രാജ്യത്തിലെ സകല പ്രജകൾക്കും ആരാധനാമൂത്തിയായി ജൂപ്പിററർദേവനെ നാം തെരഞ്ഞെടുത്തുകഴിഞ്ഞു. ഈ കല്പനയ്ക്കെതിരായി താങ്കൾ പ്രവത്തിക്കുന്നു അല്ലേ? നമ്മുടെ കല്പനയ്ക്കെതിരായി ആരു ന്നപരമുയർത്തുന്നുവോ അവൻെറ തല കഴുകന്നു് തൽക്ഷണം ഇരയാവുകയാണുപതിവു്. (ചിന്തിച്ചിട്ടു്) ങും. ഏതായാലും ഇപ്രാവശ്യത്തേയ്ക്കു ക്ഷമിക്കുന്നു. പക്ഷേ ഒരു കാര്യം. താങ്കളുടെ പുത്രിയെ നമുക്കു് വിവാഹം ചെയ്യണം. പുഞ്ചിരിയോടെ ഓമനയെ നോക്കുന്നു. ഓമന ഞെട്ടുന്നു.)

രാ– (ആലോചിച്ചു) എല്ലാം അവിടുന്നു കല്പിക്കുന്നതുപോലെ.

ഡ– കൊള്ളാം. (വിജയഭാവത്തിൽ ഓമനയെ നോക്കുന്നു. വിഷണ്ണയായ ഓമന വീണ്ടും മുഖം തിരിക്കുന്നു.)

രാ– അവിടുന്നു്കാരുണ്യമുണ്ടായിഇപ്പോൾസസുഖം തിരിച്ചുപോകുവാൻഞങ്ങളെ അനുവദിക്കണം.

ഡ– അതൊന്നും നമ്മുടെ ഹിതത്തിനു യോജിച്ചതല്ല. എങ്കിലും നിങ്ങളെ നിരാശപ്പെടുത്തുന്നില്ല. നാം നിശ്ചയിക്കുന്ന ദിവസം ഓമനയെ നമ്മുടെ മുമ്പിൽ ഹാജരാക്കണം.

രാ– കല്പനപോലെ പ്രവര്‍ത്തിക്കാം. (ആചാരം ചെയ്തു് പുത്രിയോടൊന്നിച്ചു പോകുന്നു.)

ഡ– (സ്വഗതം)

ഹ...ഹ...ഹ...അങ്ങനെ ഗ്രീസിലെ സൗന്ദര്യധാമം നമ്മുടെ സ്വന്തമായി.....അങ്ങനെ അങ്ങനെ പലരും.....എല്ലാം എന്റെ സുഖത്തിനും ആനന്ദത്തിനും വേണ്ടി ജൂപ്പിററര്‍ ദേവന്‍ സൃഷ്ടിച്ചതാണു്.....റോമന്‍സാമ്രാട്ടായ നാം.....മദിച്ചുല്ലസിച്ചു്.....ആനന്ദിച്ചു് ജീവിക്കും.....നാമാരു്.....നമ്മെ വെല്ലാന്‍ കെല്‍പ്പുള്ളവനാരു്.....ഹ...ഹ... ഹ... (ഉറക്കെ ചിരിക്കുന്നു.)

(യവനിക)

## രംഗം IV

(ഗ്രീസിലെ രാജകൊട്ടാരം. രാജാവു ദു:ഖിതനായി കാണപ്പെടുന്നു. സമയം രാത്രി)

രാജാവ്— (പാടുന്നു)

(പരിതാപമിതേ....)

ജഗദീശസുതാ, ഹാ, ലോകഗുരോ
ഞാൻ കേഴുകയായിനിമേൽ—ഹാ—കേഴുകയാ-
യിനിമേൽ
ലൗകികമാമധികാരമിതോ
എൻ—മാനസമാകവെ നീറുന്നു
ഞാൻ കേഴുകയായിനിമേൽ—
(ജഗദീശസുതാ....)
നിന്നാശിഷമേകുകനീ....
ആശാലതപൂകുന്നു, ഈ—ക്രൂരിതുളാഹാക്രുട്ടുന്നു
എൻപാതകമാകെ സന്താപം പരമേകുന്നു
ശാപത്തിൻനടുവിൽ കേഴുകയായ്
മമസോദരരാകെയിതാ—ഞാൻകേഴുകയാ....
(ജഗദീശസുതാ....)

ഹാ കരുണാനിധിയായദൈവമേ...എല്ലാം സഹിക്കാം. എന്നാൽ...എൻെറ ഓമനയെ എങ്ങനെ വിട്ടുപിരിയും...നീചനായ ചക്രവത്തിയുടെ ഉഗ്രശാ

സനം ഒരുവശത്തു്...ഓമനയുടെ വ്രതവാഗ്ദാനം മറുവശത്തു്...ദൈവമേ! ഈ ദുഃഖസാഗരത്തിൽനിന്നു് എന്നെ കരേററണമേ. (ചിന്താവിവശനായി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു) ചക്രവത്തിയോടെതിത്താൽ... മലവെള്ളച്ചാട്ടത്തിനെ തടഞ്ഞുനിറുത്തുന്ന മണൽച്ചിറപോലെ എൻെറ സൈന്യങ്ങൾ തകൎന്നുവീഴും... സത്യവിശ്വാസത്തിനുവേണ്ടി ചുടുചോരചിന്തിമരിയ്ക്കുവാൻ ഞാൻ തയാറാണു്...പക്ഷേ...എൻെറ പ്രജകൾ...അവക്കു് യാതൊരുതരത്തിലും വിഷമം ഉണ്ടാകുവാൻപാടില്ല...ഹാ...ഒരു പ്രതിവിധിയും കാണുന്നില്ലല്ലോ...

ഓമന– (പ്രവേശിച്ചു) അച്ഛാ; അങ്ങു് എന്താണു് ഉറങ്ങാതിരിക്കുന്നതു്. ഇങ്ങനെ മനസ്സുനീറിനീറി ശരീരത്തെ നശിപ്പിച്ചാൽ ആരാണു് എനിക്കൊരാശ്രയം. അച്ഛൻ സമാധാനത്തോടെ കിടന്നുറങ്ങുക.

രാ– ഓമനേ; ഞാനെങ്ങനെ ഉറങ്ങും. നിൻെറ നിർബന്ധബുദ്ധി എന്നെ നിരാശയിൽ ആഴ്ത്തുകയാണു്. നമ്മുടെ പ്രജകളേയും നമ്മുടെ രാജ്യത്തേയും അക്രമത്തിൽനിന്നും അനീതിയിൽനിന്നും രക്ഷിക്കേണ്ട ഭാരിച്ച ചുമതല ഒരു ഭാഗത്തു്; പുത്രിയുടെ വ്രതവാഗ്ദാനം നിറവേററേണ്ട കത്തവ്യം മറുഭാഗത്തു്; ഇതിനുമദ്ധ്യേ നീറിപ്പുകഞ്ഞുകൊണ്ടിരിക്കുന്ന ഒരഗ്നിപർവ്വതമായി രൂപാന്തരപ്പെട്ടിരിക്കുകയാണു്.

ഓ– അച്ഛാ, ഒരിക്കലും ഞാനങ്ങയെ അനുസരിക്കാതെ ഇരുന്നിട്ടില്ലല്ലോ. ദൈവംകഴിഞ്ഞാൽ അവിടുന്നുമാത്രമാണു് എൻെറ ആരാധനാപാ

ത്രം. അതിനാൽ എൻെറ ഈ എളിയ ആഗ്ര ഹത്തെ അവിടന്നു തടയരുതേ.....

രാ— കുഞ്ഞേ, ചക്രവൎത്തിയുടെ മഹിഷീപദം എത്ര അഭികാമ്യമാണു്. ആൎക്കും ലഭിക്കാത്ത ഒരസു ലഭഭാഗ്യമല്ലേ ഇതു്.

ഓ— അച്ഛാ അതിലുംഭേദം ഒരു തെരുവുതെണ്ടി യുടെ ഭാൎയ്യയാകുന്നതാണു്. നിത്യകന്യാവ്രതം നേൎന്നിരിക്കുന്ന എന്നെ ഇക്കാൎയ്യത്തിൽ നിർ ബന്ധിക്കരുതേ എന്നു വീണ്ടും അപേക്ഷിക്കുന്നു.

രാ— ഹാ...നമ്മുടെ രാജ്യം...നമ്മുടെ പ്രജകൾ... എല്ലാംആ ദുഷ്ടനായ ഡയോക്ലിഷ്യൻെറ സൈ ന്യങ്ങൾ തകൎക്കും. അങ്ങനെ ഐശ്വൎയ്യത്തി ൻെറയും സമാധാനത്തിൻെറയും വിളനിലമാ യ ഗ്രീസുരാജ്യം രക്തക്കളമായി മാറുന്നതു് നാം കാണണമെന്നോ?...പാടില്ല...അതു സാ ദ്ധ്യമല്ല...അതിനുള്ള ഏകപ്രതിവിധി എ ൻെറ പ്രിയ മകൾ ചക്രവൎത്തിയുടെ ഭാൎയ്യാപ ദം അലങ്കരിക്കുക മാത്രമായിരിക്കും.

ഓ— (ദുഃഖത്തോടെ) അങ്ങു് എൻെറ അപേക്ഷ ഉ പേക്ഷിക്കുകയാണോ?...അങ്ങയുടെ മാംസത്തി ൻെറ മാംസവും രക്തത്തിൻെറ രക്തവുമായ ഈ പ്രിയ പുത്രിയെ ഇക്കാൎയ്യത്തിൽ നിർബ ന്ധിക്കരുതേ.

രാ— (ദ്വേഷ്യത്തോടെ) എടീ നാമാണു കല്പിക്കു ന്നതു്. നമ്മെ അനുസരിക്കുന്നുവോ? അതോ ധിക്കരിക്കുന്നുവോ?

ഓ— (കരഞ്ഞുകൊണ്ടു്) ഈശ്വരാ! പരമകാരുണി കാ! ഈ ഏഴയെ രക്ഷിക്കണമേ. ഞാൻ നേ

ന്നിരിക്കുന്ന നിത്യകന്യാവ്രതവാഗ്ദാനത്തിൽ നിന്നും വ്യതിചലിക്കുവാൻ എന്റെ ഏകാശ്രയമായ അച്ഛൻപോലും നിർബന്ധിക്കുന്നല്ലോ അച്ഛാ...(കാല്ക്കൽ വീഴുന്നു. രാജാവു പിടിച്ചെഴുന്നേല്പിക്കുന്നു.)

ഗുരു- (പെട്ടെന്നു് പ്രവേശിച്ചു.) മഹാരാജാവേ, ലോകമെല്ലാം സുഖസുഷുപ്തിയിൽ ലയിച്ചു കഴിഞ്ഞിരിക്കുന്ന ഈ അർദ്ധരാത്രിയിൽ ഈ കൊട്ടാരത്തിൽ നടക്കുന്നതെന്താണു്?

രാ- (ദുഃഖത്തോടെ) ഗുരോ, എന്താണു ചെയ്യുക. നമ്മുടെ ഏക പുത്രി നമ്മെ ധിക്കരിക്കുന്നു.

ഗു- അങ്ങ് എന്താണീപ്പറയുന്നതു്. ഓമന അങ്ങയെ ധിക്കരിക്കുന്നെന്നോ? ഒരിക്കലുമില്ല.

ഓ- ഞാൻ നിത്യകന്യകാവ്രതം നേർന്നിരിക്കുകയാണെന്നു് അങ്ങേയ്ക്കു് അറിയാമല്ലോ. എന്നാൽ ആ നരകസമ്രാട്ടിന്റെ ഭാര്യയാകുവാൻ അച്ഛൻ എന്നെ നിർബന്ധിക്കുന്നു.

ഗു- എല്ലാവരും സമാധാനമായിരിക്കുക. ദൈവം നമ്മെ അനുഗ്രഹിക്കും. ഓമന, ചക്രവർത്തിയുടെ സഹധർമ്മിണിയാകുവാൻ സമ്മതിക്കുന്നില്ലെങ്കിൽ നാം എല്ലാവരും എന്നുവേണ്ടാ ഈ രാജ്യം മുഴുവൻ ചക്രവർത്തിയുടെ കോപാഗ്നിക്കു് ഇരയാകും. എന്നാൽ ഓമന നിത്യകന്യാവ്രതം നേർന്നിരിക്കയും ചെയ്യുന്നു. ഒരു പിശാചിന്റേയും മററതു ദൈവത്തിന്റേയും ആഗ്രഹമാണു്. ഇതിൽ ആരെയാണു നാം അനുസരിക്കേണ്ടതു്.

രാ— ഏതുപ്പോഴും ദൈവത്തെയാണു നാം അനുസരി ക്കേണ്ടതു്.

ഗു— എന്നാൽ ആ നരകസമ്റാട്ടു് അങ്ങനെ രക്തം കുടിച്ചുവാഴട്ടെ. നമ്മുടെ വിശ്വാസം ദൈവ ത്തിൽ അപ്പിച്ചുകൊണ്ടു് നമുക്കു സത്യമതത്തി നുവേണ്ടി ജീവത്യാഗം ചെയ്യാം.

ഓ— അച്ഛാ ഗുരുവിന്റെ ഉപദേശം നമുക്കു് അ നുസരിക്കാം.

രാ— (ആലോചിക്കുന്നു) ശരി. നാം ഓമനയുടെ അ ഭിലാഷത്തിനു വിലങ്ങുതടിയായി നിൽക്കു ന്നില്ല. ഓമനയ്ക്കുവേണ്ടി എന്തു ത്യാഗവും നാം സഹിച്ചുകൊള്ളാം. ഗുരോ നാം ഉറച്ചുക ഴിഞ്ഞു. എന്റെ ഓമനയെ ആ ദുഷ്ടനു വേ ളിചെയ്തു കൊടുക്കുകയില്ല. ഇതു മാററമില്ലാ ത്ത സത്യമാണു്.

ഓ— (സന്തോഷത്തോടെ) എന്റെ അച്ഛൻ എന്റെ അച്ഛനാണു്. ഹാ! ഞാൻ സ ന്തോഷംകൊണ്ടു മതിമറന്നുപോകുന്നു.

രാ— ഈ വിവരം ഡയോക്ലഷ്യനെ അറിയിക്കു വാൻ ഈ രാത്രിയിൽതന്നെ മന്ത്രിയെ ചുമത ലപ്പെടുത്തുക.

ഗു— അങ്ങനെതന്നെ. (പോകുന്നു)

ഓ— അച്ഛാ എന്റെ സംസാരം ഏതെങ്കിലുംത രത്തിൽ അങ്ങേയ്ക്കു വിഷമം വരുത്തിയിട്ടുണ്ടെ ങ്കിൽ എന്നോടു ക്ഷമിക്കണമേ.

രാ— യാതൊന്നുമില്ലമകളേ.

ഓ– അച്ഛരാ സമയം വളരെ ആയിരിക്കുന്നു. ഇനിയും സമാധാനമായി ഉറങ്ങാം.

രാ– ഏതായാലും നേരം ഇത്രയും ആയല്ലോ. ദൈവത്തിന് വീണ്ടും സ്തുതി പറഞ്ഞിട്ട് നമുക്ക് ഉറങ്ങാം.

(രണ്ടുപേരും കൈക്കൂപ്പി നിൽക്കുന്നു)

(യവനിക)

## രംഗം V

(ഡയോക്ലിഷ്യൻെറ കൊട്ടാരവളപ്പിലുള്ള ജയിൽ. സൈന്യാധിപൻ മുമ്പിലും രാജാവും ഓമനയും ഭടനും പിമ്പിലുമായി പ്രവേശിക്കുന്നു. രാജാവിനെ ജയിലിൽ അടക്കുന്നു)

സൈ— (ഉറക്കെ ചിരിക്കുന്നു) ഹ...ഹ...ഹ...ഹ ഡയോക്ലിഷ്യൻചക്രവർത്തിയോടു കളിച്ചാൽഇതാണനുഭവം. ഹ...ഹ...ഹ...ഹ...ഹ ക്രിസ്ത്യാനികൾ...മറയന്മാർ...മകൾ സമ്മതിക്കുമോ എന്ന് ഞങ്ങളൊന്നു നോക്കട്ടെ.

ഭടൻ— പണ്ടാരാണ്ടു പറഞ്ഞതുപോലെ ഞാനൊരു മറയനാണെങ്കിലും ഇവരെപ്പോലെ വെറും തിരുമണ്ടനല്ല.

സൈ— കന്യാവ്രതക്കാരീ, ഉം. നടക്ക്

ഓ— അച്ഛാ . . . (കരയുന്നു)

രാ— മകളേ . . . ഒന്നും ഭയപ്പെടേണ്ടാ. എല്ലാംദൈവം കാണുന്നുണ്ട്.

സൈ— (വീണ്ടും ഉറക്കെ ചിരിക്കുന്നു) ഹ . . . ഹ . . . ഹ . . . ഹ ദൈവം . . . ക്രിസ്ത്യാനികൾ . . . ഹ . . . ഹ . . . ഹ . . . ഉം. നടക്കു. (ഓമന രാജാവിനെ തിരിഞ്ഞുനോക്കി

ദുഃഖത്തോടെ പോകുന്നു. പുറകെ സൈന്യാധിപനും. രാജാവു ദുഃഖപരവശനായി താടിയ്ക്കു് കയ്യുംകൊടുത്തു് ഇരിക്കുന്നു. പിന്നണിഗാനം മുഴങ്ങുന്നു.)

(പിന്നണിഗാനം)

(ദീപങ്ങൾ മങ്ങി . . . .)

കാഞ്ചനദീപം–കാരാഗൃഹത്തിൽ
നീതിയ്ക്കുതിലേതും കാര്യമില്ലെന്നോ–?

ഹാ–എൻപ്രജകളിൽ കാരുണ്യത്തേൻതളി–
ച്ചാരിനിപ്പാലിയ്ക്കുമാഹാ–

ക്രൂരൻെറ കൈകളിൽ കുഞ്ഞാടുപോലവേ
പാവങ്ങൾ നീറിനശിപ്പൂ–പാവ . . .

ഹാ–നീതിമാനാം–ദൈവത്തിൻനീതി
ആരേ–ജയിക്കാത്തതായ് കാണ്മൂ

(കാഞ്ചനദീപം . . . )

(യവനിക)

## രംഗം VI

(റോമിലെ ഒരു തെരുവു്. സമയം സായാഹ്നം. ഭാരതീയസന്യാസികളുടെ വേഷത്തിൽ ഗുരുവും ഗ്രീസിലെ മന്ത്രിയും—ശിഷ്യൻ—പ്രവേശിക്കുന്നു)

ശിഷ്യൻ— ഗുരോ എവിടെനോക്കിയാലും ഒരു ഭയങ്കരതാണ്ഡവം കളിയാടുന്നു. ക്രിസ്ത്യാനികളെ വേട്ടയാടിക്കൊണ്ടിരിക്കുന്നഢയോക്ലിഷ്യൻെറവേട്ടനായ്ക്കളിൽനിന്നും നാം എങ്ങനെ സുരക്ഷിതരായി യാത്ര തുടരും. നമ്മുടെ ഓരോ നിമിഷവും—അതേ നാം വയ്ക്കുന്ന ഓരോ ചുവടും—അപകടം നിറഞ്ഞതാണു്.

ഗു— ഭയപ്പെടാതെ. ദൈവത്തിൽ പൂർണ്ണമായി ശരണപ്പെടുക.

ശി— ഭയംകൊണ്ടു പറയുന്നതല്ല. എങ്കിലും പ്രജാക്ഷേമതല്പരനായ നമ്മുടെ രാജാവും ഓമനക്കുമാരിയും ആ കിരാതരാജൻെറ കാരാഗൃഹത്തിൽകിടന്നു് എത്രമാത്രം കഷ്ടപ്പെടുന്നു. എങ്ങനെയെങ്കിലും അവരെ മോചിപ്പിക്കുന്നതുവരെ എനിക്കു യാതൊരു സമാധാനവും ഉണ്ടാകുന്നതല്ല. (പെട്ടെന്നു് ഒരുവശത്തേയ്ക്കുനോക്കി) ഗുരോ അതാ ആരൊക്കെയോ വരുന്നു. അവർ നമ്മെ മനസ്സിലാക്കുമോ?)

ഗ്രു- ഹേയ്. ആരു വന്നാലെന്തു്? നാമിപ്പോൾ ഭാരതീയസന്യാസികളല്ലേ. റോമൻജനതയ്ക്കു് ഇത്രയും വിശ്വാസമുള്ള മറെറാരുത്തരുമില്ല. അതുകൊണ്ടു് ഞാൻ പറഞ്ഞുതന്നിരിക്കുന്നതുപോലെയൊക്കെ ചെയ്താൽ മതി. (ഒരുവശത്തേയ്ക്കു നോക്കി) കണ്ടോ അവർ വളരെ ആചാരത്തോടെ നമ്മെ കടന്നുപോകുന്നതു്.

ശി- അങ്ങുകൂടെയുള്ളപ്പോൾ എനിയ്ക്കു് ആരെയും ഭയമില്ല. എപ്പോഴും ഞാൻ സൂക്ഷിച്ചുപെരുമാറിക്കൊള്ളാം.

ഗ്രു- നാം ക്രിസ്ത്യാനികളാണെന്നു് ഒരുത്തർക്കും ഒരുതരത്തിലും മനസ്സിലാകരുതു്. എങ്ങനെയെങ്കിലും നമുക്കു് മഹാരാജാവിനെ കാണണം. അതുവരെ ഈ വേഷം എടുത്തേ മതിയാവൂ.

ശി- ശരിയാണു്. (ഒരു വശത്തേയ്ക്കുനോക്കി) ആരൊക്കെയോ കുടിച്ചു മറിഞ്ഞുവരുന്നുണ്ടല്ലോ. (സൂക്ഷിച്ചുനോക്കുന്നു) ഓഹോ പട്ടാളക്കാരാണെന്നു തോന്നുന്നു.

ഗ്രു- നേരാണല്ലോ. ചക്രവർത്തിയെന്നോ രാജാവെന്നോ ഒക്കെ അവർ പറയുന്നുണ്ടല്ലോ. ഏതായാലും നമുക്കല്പം മാറിനില്ക്കാം. (ഗുരുവും ശിഷ്യനും നടന്നു മറയുന്നു. മറുവശത്തുകൂടെ സൈന്യാധിപനും ഒരു ഭടനും മദ്യലഹരിയിൽ മുഴുകി സംസാരിച്ചുകൊണ്ടു് പ്രവേശിക്കുന്നു.)

ഭടൻ- ഭാഗ്യവാൻ...ഭാഗ്യവാൻ... മഹാഭാഗ്യവാൻ... അങ്ങയുടെ ഈ ധീരകൃത്യങ്ങൾക്കു്... ചക്രവർത്തിതിരുമേനിയിൽനിന്നും... കീർത്തിമു

ദയല്ലേ കിട്ടാൻ പോകുന്നതു് ... ആഗ്രീക്കുരാ ജാവിനെ . . . . വെറുംപതിനൊന്നുമണിക്കൂറു കൊണ്ടല്ലേ ... തിരുമുമ്പിൽ ഹാജരാക്കിയതു്. ഹോ . . . . എന്തൊരു ധീരകൃത്യം . . . . പണ്ടോ രാണ്ടു പറഞ്ഞതുപോലെ അവിടുന്നാരാ ....

സൈ—ഞാൻ ഗ്രീസിൽ കാലുകുത്തിയപ്പോഴേയ്ക്കും എ ല്ലാം...ഒന്നടങ്കം...കീഴടങ്ങി... എന്റെ... ധീര തയ്യുടെമുമ്പിൽ ... രാജാവുപോലും ഛൂളിപ്പോ യി... ഞാൻ... ഞാനാരാണെന്നറിയാമോ?... ഡാ...ഞാൻ അജാത ശത്രുവാണു്...

ഭ— ആണോന്നു് . ... പണ്ടോരാണ്ടുപറഞ്ഞതുപോലെ എന്തൊരു കലയാണു് അങ്ങയെ കണ്ടാൽ....

സൈ— എടാ നമ്മുടെ തിരുമേനിയുടെ പ്രതാപ ത്തിന്റെ ഏകകാരണം... (നെഞ്ചത്തടിച്ചു കൊണ്ടു്) ഈ ഞാൻ തന്നെയാ... അതു നിന ക്കറിയാമോ...?...

ഭ— അറിയാമേ അറിയാം...അടിയനതു പണ്ടേ അ റിയാമെന്നു് ... ആ ക്രിസ്ത്യാനിപ്പരിഷകളെ... ഇഞ്ചിഞ്ചായിട്ടല്ലേ കൊന്നൊടുക്കുന്നതു്... എ ന്റെ ജൂപ്പിററർ ദേവാ!... ഈ ഏമാന്നു് നൂറു കൊല്ലത്തെ ആയുസ്സു് ഒന്നിച്ചുകൊടുക്കണേ.

സൈ— ഹ...ഹ...ഹ...ഹ... (ഉറക്കെ ചിരിക്കുന്നു) എന്നാൽ ഈ ഭൂമുഖത്തു് ഒരൊററക്രിസ്ത്യാനിയു ടെ തല ... അവശേഷിപ്പിക്കുകയില്ല ... ഇതു സത്യം.

ഭ— അയ്യയ്യോ ജൂപ്പിറററർദേവാ! ആ ഓമനക്കുമാ രിയുടെ തലപോകല്ലേ... ചക്രവത്തിതിരുമേ

നിയുടെ പള്ളിക്കെട്ടിൽ ഈയുള്ളവൻെറ വയറെങ്കിലും ഒന്നു നിറഞ്ഞോട്ടെ.

സൈ- എടോ; ഓമനകുമാരി നമ്മുടെ കൊച്ചുതമ്പുരാട്ടിയല്ലേ.?

ഭ- പിന്നല്ലയോ... എന്നിട്ടേ ഒരു കാര്യം. അവിടത്തേയ്ക്കു കീർത്തിമുദ്രകിട്ടുമ്പോൾ അടിയനെക്കൂടെ ഓക്കണേ... അല്ലെങ്കിൽ പണ്ടാരാണ്ടു പറഞ്ഞതുപോലെ...

സൈ- പക്ഷേ... എൻെറ ഇഷ്ടം...

ഭ- അയ്യോ അവിടത്തെ ഇഷ്ടത്തിനുവേണ്ടി... അടിയൻ മരിയ്ക്കാമെന്നേ... മരിയ്ക്കാം...എത്രവേണമെങ്കിലും മരിയ്ക്കാം.... കല്പിച്ചേക്കണം (തലകുനിച്ചുനില്ക്കുന്നു).

സൈ- എടോ താൻ ആ കുമാരിയെ ഒന്നെങ്കിലും കണ്ടോ?

ഭ- ഇതു പണ്ടാരാണ്ടു പറഞ്ഞതുപോലെ ഇരിയ്ക്കുന്നല്ലോ...അടിയൻ കണ്ടോന്നു്... നാമൊരുമിച്ചല്ലേ കുമാരിയെ ബന്ധനസ്ഥയാക്കിയതു്..ഹോ എന്തൊരു സൗന്ദര്യമപ്പാ,... ആ തങ്കക്കുടത്തിൻെറ മുഖത്തുനോക്കിയാൽപിന്നെ നെലത്തുനോക്കുകേല.

സൈ- ചുമ്മാതല്ല ചക്രവർത്തിതിരുമേനി ആ കനകക്കട്ടയെ ഇത്ര ഭദ്രമായി സൂക്ഷിക്കുന്നതു്...

ഭ- എന്നാലും... അടിയനു തോന്നുന്നതു്... കുമാരി ചക്രവർത്തിയുടെ ഭാര്യയാകാൻ സമ്മതിയ്ക്കയില്ലെന്നാ...

സൈ– അവള സമ്മതിച്ചില്ലെങ്കിൽ... അവളുടെ തന്തയില്ലേ... കാരാഗൃഹത്തിൽ കിടക്കുന്ന ഗ്രീസ് മക്കടം... അവൻസമ്മതിക്കും... ഇല്ലെങ്കിൽ (വാൾ ഉയർത്തിക്കൊണ്ടു്) അവ:ന്റെ തല എന്റെ വാളിനിരയാകും. നമ്മെ ധിക്കരിക്കുന്ന ഏതു ക്രിസ്ത്യാനിയേയും കൊന്നല്ലാതെ... ഈ സൈന്യാധിപൻ അടങ്ങുകയില്ല... ഊരിയവാൾ ഉറയിൽ ഇടുകയുമില്ല.

ഭ– പണ്ടാരാണ്ടുപറഞ്ഞതുപോലെ ഈ വാളും ഉറയിൽ ഇടുകയില്ല. (വാൾ ഊരി ഉയർത്തിക്കാണിക്കുന്നു)

സൈ– കണ്ണിൽ കാണുന്ന സകല ക്രിസ്ത്യാനികളുടേയും തല...

ഭ– കൊയ്യണം... (മൂന്നുപ്രാവശ്യംവിളിച്ചുപറഞ്ഞുകൊണ്ടു് അവർ നടന്നകലുന്നു. ഗുരുവും ശിഷ്യനും മറുവശത്തുകൂടെ പ്രവേശിക്കുന്നു)

ഗു– എന്താ ഇപ്പോൾ സംഗതി ഏറക്കുറെ മനസ്സിലായില്ലേ. ഊണിലും ഉറക്കത്തിലും മൃഗീയമായ നരവേട്ടയുടെ മലീമസമായ ചിന്തകൾ ഇവരെ വിട്ടുമാറുന്നില്ല. ഒരു മന:പരിവർത്തനം കൊണ്ടല്ലാതെ യാതൊരു മാററവും സംഭവിക്കുവാൻ പോകുന്നില്ല... ഏതായാലും ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിനു് ഭയങ്കരമായ അപകടസന്ധിയെ നമുക്കു് തരണം ചെയ്യേണ്ടിയിരിക്കുന്നു.

ശി– നമ്മുടെ ലക്ഷ്യത്തിലെത്തുന്നതിനു് മരിക്കേണ്ടിവന്നാലും ഞാൻ തയാറാണു്.

ഗു– ഭാരതത്തിലെ സന്യാസികൾ ലോകപ്രസിദ്ധരാണ്. ഹിമാലയപ്രാന്തങ്ങളിൽ വിരക്തരായി കഴിയുന്ന അവർക്ക് ജ്ഞാനദൃഷ്ടിയും ചികിത്സാനൈപുണ്യവും ഉണ്ടെന്നുള്ളതു് സുപ്രസിദ്ധമാണല്ലോ. ഇപ്പോൾ നമ്മെ കണ്ടാൽ ഇൻഡ്യൻസന്യാസികളാണെന്നല്ലാതെ ആരും വിചാരിക്കുകയില്ല.

ശി– നമ്മുടെ വിദ്യ കണക്കിനു പററിയെങ്കിൽ നാം ഭാഗ്യവാന്മാർതന്നെ.

ഗു– ഏതായാലും ഈ തന്ത്രത്തിൽ ചക്രവർത്തിയെ നമുക്കു സമീപിക്കാം. പോരെങ്കിൽ ഭാരതമഹർഷിമാരെ ചക്രവർത്തിയ്ക്കു വലിയ ബഹുമാനമാണെന്നു് കേട്ടിട്ടുമുണ്ടു്.

ശി– എന്നാൽ ഉടൻതന്നെ നമുക്കു കൊട്ടാരത്തിലേയ്ക്കു പുറപ്പെടാം.

ഗു– അങ്ങനെതന്നെ.

(യവനിക)

## രംഗം VII

(ഡയോക്ലീഷ്യൻെറ കൊട്ടാരം. ചക്രവത്തി ചിന്താവിഷ്ടനായി ഉലാത്തുന്നു)

ഡ— (ആത്മഗതം) ഓമനേ, ഫിലോമിനാ, നിനക്കു വേണ്ടി റോമൻ സാമ്രാട്ടായ ഈ ഡയോക്ലിഷ്യൻ എത്രമാത്രം സമചിത്തതകാണിക്കുന്നു. ഹാ! മനോഹാരിണീ, നിൻെറ മന്ദസ്മിതപൂണ്ണമായ ഒരു കടാക്ഷത്തിനുവേണ്ടി മരണത്തെപ്പോലും മാടിവിളിക്കുവാൻ മടിയ്ക്കാത്തവനാണു് ഈ ഡയോക്ലിഷ്യൻ. ഇതു നീ അറിയുന്നില്ലേ... പട്ടുമെത്തയിൽ സസുഖം ശയിക്കേണ്ട ആ മൃദുലമേനി എന്തിനു പരുപരുത്ത കരിങ്കൽ തുറുങ്കിനുള്ളിൽ കിടന്നു നരകിയ്ക്കുന്നു...? നീ സമ്മതിച്ചാലും ഇല്ലെങ്കിലും ശരി, നിന്നെ എൻെറ ജീവിതസഖിയായി ഞാൻ തെരഞ്ഞെടുത്തുകഴിഞ്ഞു!! നിന്നിൽക്കൂടെയല്ലാതെ എൻെറ ആശാവല്ലരി പുഷ്പിക്കുവാൻപോകുന്നില്ല. എന്തു്...? കരതലാമലകംപോലെ നമ്മുടെ കൊട്ടാരത്തിൽ കഴിയുന്ന നിന്നോട്ട് നാം സമ്മതം യാചിക്കുകയോ? ഹേയ്. ഒരിക്കലുമില്ല. അങ്ങനെ പ്രതീക്ഷകളുടെ സുവണ്ണമകുടവുമണിഞ്ഞു് യാഥാത്ഥ്യത്തിൻെറ വിരിമാറിൽ

സൂത്തം വയ്ക്കുകതന്നെ ചെയ്യും. ഹ...ഹ...ഹ... ഹ...ഹ...ഹ... (ഉറക്കെ ചിരിച്ചുകൊണ്ടു് ഉപവിഷ്ടനായശേഷം ഗൗരവത്തിൽ) ആരവിടെ?

ഭടൻ– (പ്രവേശിച്ചു്) അടിയൻ.

ഡ– ക്ഷണം സൈന്യാധിപനെ നമ്മുടെ മുമ്പിലേയ്ക്കു് ആനയിക്കു.

ഭ– ഉത്തരവു് (പോകുന്നു. സൈന്യാധിപൻ പ്രവേശിക്കുന്നു)

ഡ– എടോ ജയിലിൽ കിടക്കുന്ന കുമാരിയുടെ സ്വഭാവത്തിനു് എന്തെങ്കിലും പരിവത്തനം ഉണ്ടായോ? നമ്മുടെ ആഗ്രഹത്തിനു് വഴിപ്പെടുന്ന ലക്ഷണം വല്ലതും കാണുന്നുണ്ടോ?

സൈ– പൊന്നുതിരുമേനീ; യാതൊരു മാററവുമില്ല.

ഡ– എന്തു്? മാററമില്ലെന്നോ? ഇതുവരെ അവളുടെ അവിവേകത്തെ നാം ക്ഷമിച്ചു. ഇനിയും നമ്മുടെ ആജ്ഞയെ ധിക്കരിക്കുകയാണെങ്കിൽ ...ങ...

ഭടൻ– (പ്രവേശിച്ചു) തിരുമേനി വിജയിച്ചാലും, ഭാരതഭൂമിയിൽ ഹിമാലയത്തിൻെറ താഴ്വരയിൽ വസിക്കുന്ന രണ്ടു മഹഷിമാർ തിരുമുഖം കാണാൻ സമയം പാത്തുനില്ക്കുന്നു

ഡ– (ജിജ്ഞാസയോടെ) മഹഷിമാരോ? ആഷഭൂമിയിൽനിന്നോ? ക്ഷണം ഇങ്ങോട്ടു് ആനയിക്കു.

ഭ– ഉത്തരവു്. (പോകുന്നു)

ഡ- സൈന്യാധിപാ അവരെ നമുക്കു വേണ്ടവിധം സ്വീകരിക്കണം. ഭാരതമഹർഷികൾ സമർത്ഥരും സുപ്രസിദ്ധരും ആണ്. അവർക്കറിയാൻപാടില്ലാത്ത വിദ്യയില്ല. പോയി അവരെ സ്വീകരിച്ചുകൊണ്ടുവരൂ. (സൈന്യാധിപൻ പോകാനൊരുങ്ങുന്നു. മഹർഷിമാർ പ്രവേശിക്കുന്നു)

ഡ- (എഴുന്നേററ് ഉപചാരംചെയ്യുന്നു) മഹർഷികളേ ആസനസ്ഥരായാലും.

ഗു- ഇഠായ് ഇഠായസ് ഇതിഇഠായസ് യഥ്തഥേ തഥോ വദ്ധ്നനൈഷം തലാനാ.

ശി- സ്വാമികൾ ഉയന്ന ശയ്യോപധാനങ്ങളൊന്നും ഉപയോഗിക്കുക ഇല്ലെന്നാണ് അരുളിച്ചെയ്തതു്.

(ഗുരു നിലത്തു് ചമ്പ്റംപടഞ്ഞിരിക്കുന്നു)

ഡ- ക്ഷമിക്കണം സ്വാമീ. നിങ്ങൾ ഭാരതത്തിൽ നിന്നാണു വരുന്നതെന്നറിഞ്ഞതിൽ വളരെ സന്തോഷം. അവിടത്തെ മഹർഷിമാരുടെ അത്ഭുതസിദ്ധികളിൽ റോമൻജനതയ്ക്കു് അതിയായ വിശ്വാസംഉണ്ടു്.

ശി- അതിൽ വളരെ വാസ്തവംഉണ്ടു്. ധനതത്വശാസ്ത്രം, ഇന്ദ്രജാലം, മഹേന്ദ്രജാലം ഇവയെല്ലാം ഞങ്ങൾക്കു് സുപരിചിതങ്ങളത്രേ. അന്യരുടെ മനസ്സിലെ വിചാരങ്ങളെ അപ്പാടെ ഗ്രഹിക്കുന്നതിനും കഴിഞ്ഞുപോയതും വരാനിരിക്കുന്നതുമായ സർവതും കണ്ടുപിടിക്കുന്നതിനും സ്വാമികൾക്കു കഴിവുണ്ടു്.

സൈ- തിരുമേനി അങ്ങനെയാണെങ്കിൽ എല്ലാവസ്തുതയുംസ്വാമിയുടെ അടുത്തു് പറയാമല്ലോ.

ഗ്ര— ഇഭായ കാഫയോ യഥോ തഥ്മിഥി ഊരേശ്
ദോവ.

ശി— അയ്യോ സ്വാമികൾക്ക് ഭൃത്യവൎഗ്ഗത്തിന്റെ ശ
ബ്ദം കേൾക്കുന്നതിഷ്ടമില്ല. പോകണം പോക
ണം എന്നാണു പറയുന്നതു്.

ഡ— ആരും ഇവിടെ നില്ക്കണ്ടാ. പൊയ്ക്കോൾക.
(സൈന്യാധിപനും ഭടനും പോകുന്നു)

ഡ— നമ്മെ സംബന്ധിക്കുന്ന പരമപ്രധാനമായ ഒരു
കാൎയ്യം സ്വാമികളെ ധരിപ്പിക്കാം. നമ്മുടെ
സാമന്തനായി രാജ്യഭാരംചെയ്യുന്ന ഗ്രീസിലെ
നാടുവാഴിയും പുത്രിയും നമ്മുടെ കൊട്ടാരംജയി
ലിൽ കിടപ്പുണ്ടു്.

ശി— എന്താണുകാൎയ്യം—?

ഡ— അവർ ക്രിസ്ത്യാനികളാണു്. ജഗന്മോഹിനിയാ
യ ആ രാജകുമാരി നമ്മുടെ ഭാൎയ്യാപദം അല
ങ്കരിക്കുവാൻ വിസമ്മതിയ്ക്കുന്നു. അവളെഎങ്ങ
നെയെങ്കിലും വശപ്പെടുത്തണം. അതു് സ്വാ
മികൾക്ക് ക്ഷിപ്രസാദ്ധ്യമായിരിക്കുമല്ലോ.

ശി— (ആലോചിച്ചു്) കാൎയ്യം...വളരെ നിസ്സാര
മാണു്...

ഡ— ആയതിലേയ്ക്കു് നാം എന്താണുചെയ്യേണ്ടതു്.

ഗ്ര— ത്രം ഠകായ് ചംഛരംകാ....

ശി—അതിനായി പലതും ചെയ്യാനുണ്ടു്. ഭൃത്യവൎഗ്ഗ
ത്തിന്റെ സാമീപ്യംപോലും സ്വാമികൾക്കു
ഒട്ടും ഇഷ്ടമില്ല. കൂടാതെ ഏകാന്തമായ ചുററു
പാടിൽവച്ചാണു് വിദ്യ പ്രയോഗിക്കേണ്ടതു്.
നാടുവാഴിയേയും കുമാരിയേയും നേരിൽകണ്ടു്
ചില ക്ഷുദ്രകൃത്യങ്ങൾ പ്രയോഗിക്കേണ്ടതുമ

ണ്ട്. അതിനപററിയതു കാരാഗൃഹമായിരിക്കു മല്ലോ.

ഡ- കാരാഗൃഹമാണെനല്ലതു് ഉടൻതന്നെ വേണ്ട ഏർപ്പാടുകൾചെയ്യാം.

ശി- ഒരുകാര്യം. ഞങ്ങളുടെ ഏകാന്തതയെ ഭഞ്ജിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. സ്വാമികളെ ഒരുവിധത്തിലും അസഹ്യപ്പെടുത്തരുതു്. സ്വാമികൾ ക്ഷിപ്രകോപിയാണു്.

ഡ- നാംപോലും അങ്ങോട്ടുവരുന്നേയില്ല. എന്താ പോരേ?

ശി- തിരുമേനി എഴുന്നെള്ളുന്നതിൽ...വിരോധമില്ല...എന്നാലും...എഴുന്നള്ളാതിരിക്കുകയാണു് ഭംഗി.

ഡ- എങ്ങനെയെങ്കിലും കാര്യംസാധിച്ചാൽമതി.

(യവനിക)

## രംഗം VIII

(കാരാഗൃഹം. രാജാവു് ദു:ഖിതനായി കാണപ്പെടുന്നു. ഒരു ഭടൻ കുന്തവുമായി കാവൽനില്ക്കുന്നു. രാത്രി സമയം)

രാജാവു്– (പാടുന്നു)

(ഗായകാ...ഗായകാ...ഗായകാ)

അംബികേ, അംബികേ, അംബികേ–
എൻവിധിയിതുഹാ–നാഥേ–അംബികേ...
പാവനവരങ്ങളാലെ അഘമാകെനീക്കിയെന്നേ
ആകാശരാജ്യമണയാൻ–ആശിസ്സനന്തമേക്കൂ.
(അംബികേ....)
ധരയിൽവിനാശനടനമായ്–ഘോരാന്ധകാ–
രമായി
കാരുണ്യരശ്മിചൊരിയൂ, കറയററമേരിമാതേ.
(അംബികേ....)

(ഗാനാന്ത്യത്തിൽ സൈന്യാധിപൻ പ്രവേശിക്കുന്നു)

സൈ– (ഭടനോടു്) എടോ താക്കോലുകൾ എവിടെ? മഹർഷിമാർ ഇങ്ങോട്ടു് എഴുന്നള്ളുന്നു. ക്ഷണം ഇവിടെനിന്നും മാറിക്കൊള്ളണം.

ഭ– ഉത്തരവു് (താക്കോൽകൊടുക്കുന്നു)

സൈ- (ഒരുവശത്തേയ്ക്കുനോക്കി) ങ്ാ...രാജകുമാരി അടുത്തമുറിയിൽതന്നെയുണ്ടല്ലോ അല്ലേ?

ഭ- (ചൂണ്ടിക്കാണിച്ചുകൊണ്ടു്) അതാ മുട്ടിന്മേൽ നിന്നു പ്രാൎത്ഥിക്കുന്നു.

സൈ- ഇനിയും തനിക്കുപോകാം. (ഭടൻപോകുന്നു. ഗുരുവും ശിഷ്യനും മറുവശത്തുകൂടെ പ്രവേശിക്കുന്നു)

ശി- ഇദ്ദേഹമാണോ ഗ്രീസിലെരാജാവു്. (പൃച്ഛരസത്തിൽ) ക്രിസ്ത്യാനിപോലും...ക്രിസ്ത്യാനി!...

സൈ- ഉവ്വ് മഹൎഷികളേ.

ഗു- ഇറായ് ഇറായസ് തഥോ ഇഥോ.

ശി- ഇനിയും നിങ്ങൾ ഇവിടെ നില്ക്കണമെന്നില്ല. ഉടൻതന്നെപോകണം. ആവശ്യപ്പെട്ടാൽ വിളിക്കാം അപ്പോൾ വന്നാൽമതി. താക്കോലിങ്ങുതരു. (സൈന്യാധിപൻ താക്കോൽ കൊടുത്തിട്ടുപോകുന്നു. അദ്ദേഹം വളരെ ദൂരെയായി എന്നു നോക്കിമനസ്സിലാക്കിയശേഷം ശിഷ്യൻ ജയിൽതുറക്കുന്നു. രാജാവു വെളിയിൽ വരുന്നു)

ഗു- (അടക്കിയസ്വരത്തിൽ) തിരുമേനി വിജയിച്ചാലും.

(രാജാവു് അത്ഭുതപരവശനായി നോക്കി നില്ക്കുന്നു)

രാ- നിങ്ങൾ ആരു്? എവിടെനിന്നും വരുന്നു?

ശി- മനസ്സിലായില്ലേതിരുമേനി.....

രാ- (സംശയത്തോടെ മനസ്സിലാകുന്നില്ലല്ലോ.

ഗു- ഞങ്ങൾ അങ്ങയുടെ പ്രിയപ്പെട്ട മന്ത്രിയും ഗുരുവുമാണു്.

രാ– (പുറംനോക്കുന്നു) വാസ്തവമോ? എനിക്കു വിശ്വാസംവരുന്നില്ല. ചതിയ്ക്കാൻപറയുന്നതാണു്.

ശി– തിരുമേനീ ഉറപ്പായിവിശ്വസിച്ചാലും. അങ്ങയുടെ തിരുമുഖം ഒന്നു ദർശിക്കുവാൻവേണ്ടിമാത്രമാണു് ഞങ്ങൾ ഈ കപടവേഷം കെട്ടിയിട്ടുള്ളതു്.

ഗ്രു– അങ്ങയെ ഗ്രീസിൽനിന്നു പിടിച്ചുകൊണ്ടുപോന്നതിൽ പിന്നെ ഒരു മനഃസ്സമാധാനവുമില്ലാതെ ഞങ്ങൾ അലയുകയായിരുന്നു.

രാ– എന്തു്! ഹാ ദൈവമേ! (മൂവരുംതമ്മിൽ ആലിംഗനംചെയ്യുന്നു. ആരെങ്കിലും കാണുന്നുണ്ടോ എന്നു് ശിഷ്യൻ പുറപാടും നോക്കുന്നു.)

രാ– പ്രിയപ്പെട്ടവരേ, നിങ്ങൾ ഈ നരകത്തിൽ എങ്ങനെവന്നുചേൎന്നു. നിങ്ങളുടെ ഈ പ്രവൃത്തിവളരെ സാഹസമാണു്.

ഗ്രു– തിരുമേനീ; അങ്ങയെ നേരിൽകണ്ടു് ആശ്വസിപ്പിക്കുന്നതിനുവേണ്ടി മാത്രമാണു് ഞങ്ങൾഈ വേഷംകെട്ടിയതു്. ഓമനക്കുമാരി എവിടെ?

ശി– ഗ്രീസിലെ സിംഹാസനാരോഹണംചെയ്യേണ്ട വീരവനിത. . .യാതനകളുടെ അഗാധഗൎത്തത്തിൽകിടന്നു് നിൎജ്ജീവമാകണമെന്നോ? ഹാ ദൈവമേ! (കരയുന്നു) ഗ്രീസിൻെറ നിലനില്പിനുവേണ്ടി ഞങ്ങൾ പടവെട്ടിമരിച്ചുകൊള്ളാം. . .

ഗ്രു– മന്ത്രിസത്തമാ ശാന്തനായിരിക്കൂ. . .

രാ– കുമാരി അടുത്ത മുറിയിൽതന്നെ ഉണ്ടു്. താക്കോൽ എടുത്തുകൊണ്ടുപോവുക. (ഗ്രുരു പോകുന്നു)

ശി– പൊന്നുതിരുമേനീ, ഞങ്ങൾ ചക്രവൎത്തിയെക

ണ്ടു, മരുന്നും മന്ത്രവും കൊണ്ടു് അങ്ങയുടേയും കുമാരിയുടേയും മനസ്സുതിരിക്കുവാനാണു് ഞങ്ങളെ പറഞ്ഞുവിട്ടിട്ടുള്ളതു്.

രാ– നിങ്ങളുടെബുദ്ധി അസാമാന്യംതന്നെ.

ശി– ഓമനക്കുമാരിയെ ചക്രവർത്തിയുടെ സന്തതസഹചാരിയായികിട്ടാതെ ആ നരാധമൻ അടങ്ങുകയില്ല. (കരയുന്നു) തിരുമേനീ അങ്ങു് ഈ യാതനകൾ അനുഭവിക്കേണ്ടവനല്ല. ഉടനെതന്നെ രക്ഷപെടണം. അങ്ങേയ്ക്കുവേണ്ടി ഞാൻ ഈ നരകയാതന സസന്തോഷം സഹിച്ചുകൊള്ളാം.

രാ– വേണ്ട മന്ത്രീ. നിങ്ങൾ ചെറുപ്പമാണു്. സ്നേഹത്താൽ അധിഷ്ഠിതമായ ലോകത്തിനു് ക്രിസ്തുവിൻെറ ദിവ്യസന്ദേശവുമായി വിശാലത്തിൻെറ വിരിമാറിൽക്കൂടെ ചക്രവാളത്തിൻെറ പരിധിവരെ നിങ്ങൾ പോകണം. അതിനാൽ പ്രിയപ്പെട്ടമന്ത്രീ; നിങ്ങൾ ഇപ്പോൾ മരിക്കുവാൻപാടില്ല. (ഗുരുവും ഓമനയും പ്രവേശിക്കുന്നു. "അച്ഛാ" എന്നു വിളിച്ചുകൊണ്ടു് ഓമന പിതാവിൻെറകൈകളിൽ പതിക്കുന്നു) മകളേ സമാധാനമായിരിക്കൂ. ദൈവേഷ്ടം നമ്മിൽ നിറവേറട്ടെ.

ഓ– പ്രിയപ്പെട്ട അച്ഛാ; ഞാൻ അതിനു തയ്യാറായികഴിഞ്ഞു.

ശി– കുമാരീ...നല്ലവനായ ദൈവം നമ്മുടെ നന്മയ്ക്കായി ഇതെല്ലാംചെയ്യുന്നു.

ഓ– ഗുരോ, മന്ത്രിസത്തമാ നിങ്ങളെ വീണ്ടും കാണുവാൻ ഇടവരുത്തിയ ദൈവത്തിനു സ്തോത്രം–

ഞാനെന്തും സഹിച്ചുകൊള്ളാം. പക്ഷേ എന്റെ അച്ഛന്റേയും വാത്സല്യപ്രജകളുടേയും കഷ്ടപ്പാടിനു് ഞാനാണല്ലോ കാരണക്കാരി.

ഗു– സാരമില്ല മകളേ. ആത്മാവു് അനശ്വരമാണു്. എല്ലാത്തിനും ഒന്നിനുന്തരായി ദൈവം ഫലം തരും.

ഓ– അങ്ങയുടെ ഉപദേശംമാത്രമാണു് ഞങ്ങളെപ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നതു്. അച്ഛാ; അങ്ങേയ്ക്കു സഹിക്കുവാൻവയ്യാത്ത ഉപദ്രവങ്ങൾ ആ നീചനിൽനിന്നും ഉണ്ടാകുന്നുണ്ടോ?

രാ– ഒന്നുമില്ല മകളേ. പ്രിയപ്പെട്ടവരേ; നമ്മുടെപ്രജകൾ എന്തുചെയ്യുന്നു. ദൈവമേ! അവരേയെങ്കിലും ഈ ദുരിതത്തിൽനിന്നു രക്ഷിച്ചിരുന്നെങ്കിൽ.....

ശി– റോമൻ സൈന്യങ്ങൾ നമ്മുടെ രാജ്യത്തു് താവളമടിച്ചിരിക്കുകയാണു്. എന്നാലും പ്രജകൾക്കു് ഇതുവരേയും വലുതായ ഉപദ്രവമൊന്നും ചെയ്തിട്ടില്ല. അങ്ങയുടെ അവസാനത്തെ തീരുമാനമനുസരിച്ചാണു് ഉപദ്രവത്തിന്റെ മാററം കൂട്ടുന്നതെന്നു കേട്ടു.

ഗു– എല്ലാവരും സത്യവിശ്വാസത്തിൽ ഉറച്ചു നില്ക്കുമെങ്കിൽ നാം ജയിക്കും. സത്യത്തിനും നീതിയ്ക്കുംവേണ്ടി അനന്തരതലമുറയ്ക്കു് മാതൃകയായി നമുക്കു വിരാജിക്കാം.

രാ– ഒരുപക്ഷേ.....ഇതു നമ്മുടെ അവസാനത്തെ കൂടിക്കാഴ്ചയായിരിക്കാം.

ശി– തിരുമേനീ. . .അങ്ങനെ പറയരുതേ. . .

ഓ– ആ വിടാഗ്രേസരന്റെ വേലികെട്ടാത്ത വികാ

രത്തിന് വശംവദയാകാത്തിടത്തോളം കാലം മരണം എപ്പോഠം സംഭവിക്കുമെന്ന് നിശ്ചയമില്ല.

ശി– ജഗദീശ്വരാ അങ്ങനെ സംഭവിക്കാതിരിക്കട്ടെ.

ഓ– ആരും ഖേദിക്കേണ്ടാ. വിശ്വാസസംരക്ഷണത്തിനായി ദിവ്യനാഥന് ഞാൻ സ്വയം ബലി അപ്പിച്ചുപോയി. നിങ്ങഠം ഞങ്ങഠംക്കുവേണ്ടി പ്രാത്ഥിക്കുക.

ഗു– സന്തോഷമായിരിക്കുക. ദൈവം നിങ്ങളെ അനുഗ്രഹിക്കും. . ഓമനേ; സമയം അതിക്രമിക്കുന്നു. ജയിൽമുറിയിലേയ്ക്കു തന്നെ പോകാം.

ഓ– അച്ഛാ. . . . . (കരയുന്നു)

രാ– മകളേ. . . . . . . . . (കരയുന്നു)

ഗു– ഒരുതരത്തിലും ചഞ്ചലപ്പെടേണ്ടാ. തീഷ്ണമായി നമുക്കു പ്രാത്ഥിക്കാം.

രാ– മകളേ. . . കരയാതെ. സന്തോഷമായി പോകുക. (ഓമനയുടെ മൂദ്ധാവിൽ ചുംബിക്കുന്നു. കരഞ്ഞുകൊണ്ടു് തിരിഞ്ഞുനോക്കിനോക്കി അവഠം പോകുന്നു. പുറകെ ഗുരുവും)

ശി– തിരുമേനീ; അടിയൻ ഇനി എന്തിനുജീവിക്കണം. അടിയൻ ഇവിടെ കിടന്നു മരിച്ചുകൊള്ളാം. . . (കരയുന്നു)

രാ– മന്ത്രീ ധൈര്യമായിരിക്കൂ. താങ്കളേക്കൊണ്ടു് ലോകത്തിന് ഇനിയും വളരെ ആവശ്യമുണ്ടെന്നുള്ളകാര്യം വീണ്ടും നാം ഓമ്മിപ്പിക്കുന്നു. ദൈവം അനുഗ്രഹിച്ചാൽ. . . വീണ്ടും നമുക്കുകാണാം.

ഗു– (പ്രവേശിച്ചു്)തിരുമേനീ സമയം ദീഘിക്കുന്നു. ഇനിയും ഞങ്ങഠം പോകട്ടെ.

ശി– എവിടെ പോകുന്നു...എന്തിനുപോകുന്നു. തിരുമേനിയെക്കൂടാതെ എങ്ങോട്ടു പോകാനാണ്.

ഗു– മന്ത്രീ ഇങ്ങനെ ചഞ്ചലപ്പെട്ടാൽ എങ്ങനെയാണ്. ദൈവ തിരുമനസ്സിന് കീഴ്വഴങ്ങുക. തിരുമേനീ, ഞങ്ങൾ പോകട്ടെ.

രാ– പ്രിയ....പ്പെട്ടവരെ.....എന്നാൽ.... (മൂവരും ആശ്ലേഷിക്കുന്നു)

(യവനിക)

## രംഗം IX

(ചക്രവർത്തിയും സേനാനിയും കാണപ്പെടുന്നു. സമയം സന്ധ്യ.)

ഡയോ– സൈന്യാധിപാ; മഹർഷിമാർ ചികിത്സ ആരംഭിച്ചതിൽപിന്നെ എന്തെങ്കിലും നേട്ടമുണ്ടായിട്ടുണ്ടോ?

സൈ– അവർ കുറെ നീണ്ട മണിക്കൂറുകൾ തന്നെ ചികിത്സയ്ക്കായി വിനിയോഗിച്ചുകൊണ്ടിരിക്കുന്നു. ഫലത്തെ സംബന്ധിച്ചിടത്തോളം ഒന്നും പറയാറായിട്ടില്ല.

ഡ– ശരി; ചികിത്സ എത്രമാത്രം ഫലപ്രദമായെന്ന് നമുക്കു നേരിട്ടു പരിശോധിക്കാം. ആരവിടെ?

സേവകൻ– (പ്രവേശിച്ച്) അടിയൻ.

ഡ– ഓമനയെ നമ്മുടെ മുമ്പിലേയ്ക്കു് ആനയിക്കൂ.

സേ– ഉത്തരവ്. (സേവകൻ പോകുന്നു)

സൈ– മഹർഷിമാരുടെ അഭിപ്രായത്തിൽ അധികതാമസം കൂടാതെ നിശ്ശേഷം സുഖപ്പെട്ടുമെന്നാണു പറയുന്നതു്.

(ഓമന പ്രവേശിച്ചു് ഒരു വശത്തു് വിനയവതിയായി നിൽക്കുന്നു)

ഡ– ഓമനേ വരു; നമ്മുടെ അടുത്തു് ഇരിക്കാമല്ലോ. കുമാരിയുടെ സാമീപ്യംകൊണ്ടു് നാം ആനന്ദനിർവൃതിയടയട്ടെ.

ഓ— വേണ്ട തിരുമേനീ ഞാനിവിടെനിന്നുകൊള്ളാം.

ഡ— അതെന്താണ്?

ഓ— എന്തുകൊണ്ടാണ് നിരപരാധിയായ എൻെറ അച്ഛനെ അങ്ങു മോചിപ്പിക്കാത്തതു്.

ഡ— തീർച്ചയായും മോചിപ്പിക്കാം. നമ്മുടെ തങ്കക്കുടത്തിൻെറ ഏതഭിലാഷവും നാം സാധിച്ചുതരാം. പറയൂ തങ്കം, നമ്മുടെ ഭാര്യാപദം അലങ്കരിയ്ക്കുകയില്ലേ?

ഓ— ഞാൻ കാരണം എൻെറ വാത്സല്യനിധിയായ അച്ഛൻ ഈ നരകയാതന അനുഭവിക്കണമെന്നോ? അങ്ങയുടെ കാരുണ്യാതിരേകത്താൽ എൻെറ അച്ഛനെ മോചിപ്പിക്കണമെന്നു് അപേക്ഷിക്കുന്നു.

ഡ— ഓ! അതിനാണോ ഇത്ര വലിയ പിണക്കം. കുമാരിയുടെ ഏതാഗ്രഹവും നിറവേററുവാൻ നാം സന്നദ്ധനാണല്ലോ. (സൈന്യാധിപനോട്) ഡോ. ആ നാട്ടുവാഴിയെ നമ്മുടെ മുമ്പിൽ കൊണ്ടുവരു.

സൈ— ഉത്തരവു്. (പോകുന്നു)

ഡ— ഹോ! എന്തൊരു പിതൃസ്നേഹം. ഇതുപോലെ ഓമനയുടെ പതിസ്നേഹവും എത്രമാത്രം ശ്ലാഘനീയമായിരിക്കും. ഇതാണ് യഥാർത്ഥ കുലാംഗനയുടെ ലക്ഷണം.

ഓ— ദയവായി, അങ്ങ് എന്നെ സ്തുതിക്കരുതേ.

ഡ— കുമാരീ . . . അംബരചുംബികളായ മണിമേടകളിൽ സേവനനിരതരായ പരിചാരകരുടെ മദ്ധ്യേ ശ്രവണമധുരമായ ഗാനാലാപങ്ങളോ

ട്ട് അലിഞ്ഞുചേരുവാൻ ആഗ്രഹിക്കാത്ത തരുണീമണികൾ ആരാണുള്ളതു്.

ഓ— ക്ഷമിക്കണം. എനിക്കതൊന്നും കേൾക്കണ്ടാ.

ഡ— (കേൾക്കാത്ത ഭാവത്തിൽ) ഇതിനെല്ലാം ഉപരിയായി സാക്ഷാൽ സ്വർഗ്ഗസദൃശമായി വിരാജിക്കുന്ന റോമൻഎംപ്രദോരുടെ പട്ടമഹിഷീപദം—ഹാ. അനന്യസുലഭമായ ഈ മോഹനസ്ഥാനത്തിനുവേണ്ടി എൻെറ..... (ബന്ധിതനായ രാജാവു പ്രവേശിക്കുന്നു. ഓമന ദുഃഖത്തോടെ "അച്ഛാ" എന്നു വിളിക്കുന്നു. രാജാവു് ആംഗ്യംകൊണ്ടു് പുത്രിയെ സമാധാനപ്പെടുത്തുന്നു.

ഡ— ഓമനേ, ഇതാ നിൻെറ അച്ഛൻ. അച്ഛൻെറ ഭാവി നിൻെറ തീരുമാനത്തെ ആശ്രയിച്ചാണിരിക്കുന്നതു്.

രാ— തിരുമേനി എന്നെ എന്തുവേണമെങ്കിലും ചെയ്തുകൊള്ളുക. പക്ഷേ..... എൻെറ അരുമക്കൺമണിയെ യാതൊരുവിധത്തിലും ഉപദ്രവിക്കരുതേ.

ഡ— ഉം. എന്തു തീരുമാനിക്കുന്നു. അല്പസമയംകൂടെ തരാം. ആലോചിച്ചു മറുപടി പറയൂ. (ഗൗരവഭാവത്തിൽ ഇരിക്കുന്നു)

ഓ— എൻെറ തീരുമാനത്തിനു് സമയം വേണമെന്നില്ല. എൻെറ നിശ്ചയത്തെ ഇളക്കുവാനുള്ള യാതൊരു ശക്തിയും ഈ ഭൂമുഖത്തു് ഇല്ലതന്നെ. അങ്ങു് ആഗ്രഹിക്കുന്ന യാതൊരു ലൗകികസുഖഭാഗ്യങ്ങളേയും ഞാൻ വിലമതിക്കുന്നി

ല്ല. അതിനാൽ ക്രിസ്തുവിൻെറ നാമത്തിൽ ഞാൻ പറയുന്നു......

ഡ— (ഘോരാട്ടഹാസത്തോടെ) ഹ...ഹ...ഹ... ഹ... ക്രിസ്തു...നീ എന്തു പറഞ്ഞു...ക്രിസ്തുവിനോ...ഹ...ഹ...ഹ... നിന്നെ ഞാൻ... (മുഖം രൂക്ഷമാകുന്നു)

രാ— ചക്രവത്തിതിരുമേനി എന്താണിത്ര കോപിക്കുന്നതു്. ക്രിസ്തുവിൻെറ നാമം ഇത്ര അസഹ്യമാണോ?

ഡ— ഹ...ഹ...ഹ... എടാ മക്കടമേ: ഈ കൊട്ടാരത്തിലും തുടങ്ങിയോ നിൻെറ പിത്തലാട്ടങ്ങൾ. എടാ നമ്മെ എതിത്താൽ നിൻെറ തല തെറിച്ചതുതന്നെ.

രാ— അതിലെനിക്കു ഭയമില്ല. എന്നാൽ ഈ നിഷ്ഠൂരകൃത്യങ്ങൾക്കെല്ലാം ഒരവസാനമുണ്ടാകുമെന്നും സത്യവാനായ ദൈവത്തിൻെറ നീതി ഈ പൈശാചികപ്രവൃത്തികൾക്കു് വിധി എഴുതുമെന്നും ഓർക്കണം.

ഡ— ഹ...ഹ...ഹ... നിൻെറ ദൈവം.

രാ— തിരുമേനീ, നശ്വരമായ ലൗകികസുഖങ്ങളുടെ പിന്നാലെയുള്ള ഈ പരക്കംപാച്ചിൽ നിത്യനാശത്തിൻെറ ശവക്കുഴി തോണ്ടുകയായിരിക്കും ചെയ്യുന്നതു്. അതിനാൽ ബഹുമാനപ്പെട്ട ചക്രവത്തീ; അങ്ങു് മരണാനന്തരജീവിതത്തെപ്പററിക്കൂടെ ചിന്തിക്കണമേ.

ഡ— ഛീ നിറുത്തെടാ. നീ ആരോടാണു സംസാരിക്കുന്നതു്. അഖിലലോകസംഹാരകത്വം രൂപം കൊണ്ടിരിക്കുന്ന ഈ ഡയോക്ലഷ്യൻെറ മു

ന്വിലോ യുക്തിവാദങ്ങൾ. നിന്നെഞാൻ ഹ. . . ഹ. . ഹ. . . നിന്നെ ഞാൻ. . .

രാ- എന്നെ ഒന്നും ചെയ്‌വാൻ പോകുന്നില്ല. എന്റെ ശരീരം നശിച്ചാലും അനശ്വരമായ എന്റെ ആത്മാവു് എന്നെന്നും ജീവിക്കും. അതിനാൽ അല്ലയോ ചക്രവർത്തി, ഉടൻ മാനസാന്തരപ്പെടുക.

ഡ- ഇല്ല. . .ഇല്ല. . .ഇനി നീ നമ്മുടെ കാരുണ്യത്തിന് അർഹനല്ല. ഛീ നായേ-നിന്റെ പുത്രിയെ നമുക്കു വിവാഹം ചെയ്തുതരുന്നോ?

രാ- ഇല്ല. . .ഒരിക്കലുമില്ല. . .ദുഷ്ടാ നീ എന്നെഎന്തു വേണമെങ്കിലും ചെയ്തുകൊള്ളുക.

ഡ- ഇനിയും ഇവനെ ജീവനോടെ വച്ചിരുന്നിട്ടു കാര്യമില്ല. (അലറുന്നു) സൈന്യാധിപാ, ഇവനെ കൊണ്ടുപോയി ഗളഛേദംചെയ്യൂ. (ഡയോക്ലീഷ്യൻ പെട്ടെന്ന് നടന്നുമറയുന്നു. ഓമന "അച്ഛാ" എന്നുവിളിച്ചുകൊണ്ടു് രാജാവിന്റെ പാദത്തിൽവീഴുന്നു)

(യവനിക)

## രംഗം X

(ഇരുട്ടറ. കാവൽ ഭടൻ ചാരിയിരുന്നു് ഉറങ്ങുന്നു. സൈന്യാധിപൻ പ്രവേശിക്കുന്നു)

സൈ—എടോ...എടോ (നിലത്തുചവിട്ടി ഉച്ചത്തിൽ വിളിക്കുന്നു. ഭടൻ കണ്ണുചിമ്മി എഴുന്നേല്ക്കുന്നു) ഇതാണു കാവൽ. തന്നെ ഞാൻ മര്യാദ പഠിപ്പിച്ചേക്കാം. കരുതിയ്ക്കോ...

ഭടൻ— (വിറച്ചുകൊണ്ടു്) അടിയൻ.....

സൈ— ഉം. താക്കോലിങ്ങുതരൂ. താൻ പോയി കിടന്നുറങ്ങിക്കൊള്ളൂ. വിളിക്കുമ്പോൾ വന്നാൽ മതി.

ഭടൻ— (താക്കോൽകൊടുക്കുന്നു) എന്റെ ജൂപ്പിററർ ദേവാ! ഈ യജമാനനു് ഒന്നും ഉണ്ടാകരുതേ. (പോകുന്നു)

സൈ— (ജയിൽ തുറക്കുന്നു. ഓമനപുറത്തുവരുന്നു) കുമാരീ; ചക്രവർത്തിതിരുമനസ്സുകൊണ്ടു് ഉടനെ തന്നെ ഇങ്ങോട്ടു് എഴുന്നള്ളും.

ഓ— നിങ്ങളുടെ ചക്രവർത്തിയെ കാണാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

സൈ— ഛെ. ഒരിക്കലും അങ്ങനെ പറയരുതു്. തിരുമേനി ജീവിക്കുന്നതുതന്നെ കുമാരിയ്ക്കുവേണ്ടിയാണു്.

ഓ— (ചെവിപൊത്തിക്കൊണ്ടു്) എനിക്കിതു കേ

ൾക്കണ്ടാ. ദയവായി എന്നെ ഉപദ്രവിക്കാതെ പോകണം.

ഡയോ— (പ്രവേശിച്ചു്) എടോ കുമാരിയ്ക്കു് ഇഷ്ട പ്പെടാത്ത എന്താണ താൻ സംസാരിച്ചതു്.

സൈ— അടിയൻ ഒന്നുംഉരിയാടിയില്ല തിരുമേനീ.

ഡ— താനിവിടെ നില്ക്കണമെന്നില്ല. പൊയ്ക്കോൾക. നാം ആവശ്യപ്പെട്ടുമ്പോൾ വന്നാൽമതി. (സൈന്യാധിപൻ പോകുന്നു) ങ്ങാ ഓമനേ; ചിന്തിച്ചു വേണ്ടതു തീരുമാനിച്ചുകഴിഞ്ഞെന്നു വിശ്വസിക്കുന്നു.

ഓ— എൻെറ തീരുമാനം നേരത്തെ അറിയിച്ചുകഴി ഞ്ഞതല്ലോ. ദയവായി മേലാലെങ്കിലും എന്നെ ഉപദ്രവിക്കരുതേ.

ഡ— വ്യർത്ഥമായത്തരം പറയാതെ. നീ നമ്മുടെ സ്വ ന്തമാണു്.

ഓ— അല്ലയോ ചക്രവത്തിതിരുമേനീ; വെറം ഏഴ യായ ഒരു പെണ്ണിൻെറ ആഗ്രഹത്തിനു വിപ രീതമായി അവളെ സ്വാതന്ത്ര്യത്തിന്നുവി ധേയയാക്കുവാൻ നിർബന്ധിക്കുന്നതു, റോമൻ സാമ്രാട്ടായ അങ്ങേയ്ക്കു യോജിച്ചതല്ല. അധി കാരത്തിൻെറ യവനികയ്ക്കുള്ളിൽ കാട്ടിക്കൂട്ടുന്ന ഈ പ്രഹസനം അങ്ങേയ്ക്കു ഭൂഷണമല്ലെന്നു് ഒ രിയ്ക്കൽക്കൂടെ അറിയിച്ചുകൊള്ളുന്നു.

ഡ— കുമാരീ ചാപല്യങ്ങളെല്ലാം കളഞ്ഞു് നമ്മുടെ അവസാനത്തെ അപേക്ഷ ഒന്നുകേൾക്കു. ഭവ തി നമ്മുടെ പട്ടമഹിഷിയായിത്തീരണം. അ തു മാററമില്ലാത്തകാര്യമാണു്.

ഓ- (വെറുപ്പോടെ) ചക്രവത്തീ യേശുക്രിസ്തുവി ൻെറ നാമത്തിൽ ഞാൻപറയുന്നു, ഉടൻ ഇവി ടെനിന്നു പോകണമെന്നു്.

ഡ- ഹ...ഹ...ഹ...ഹ...ഹ(അട്ടഹസിക്കുന്നു) ക്രിസ്തു...നീ ഇനിയും അതുച്ചരിച്ചാൽ...(പെ ട്ടെന്നു് സൈന്യാധിപൻ പ്രവേശിക്കുന്നു)

സൈ- തിരുമേനീ, മഹഷിമാർ ഇങ്ങോട്ടു് എഴുന്ന ള്ളുന്നു. ചികിത്സകൊണ്ടു് പൂണ്ണമായ ഫലപ്രാ പ്തിയുണ്ടാകുന്നതിനുമുമ്പു് അങ്ങു് ഇവിടെ പ്രവേശിച്ചതിൽ അവക്കു് വലിയ പ്രതിഷേധ മുണ്ടു്. ഉടനെ തന്നെ ഇവിടെനിന്നും എഴുന്ന ള്ളുന്നതാണു് നല്ലതു്.

ഡ- ശരി അവർ വരുന്നതിനുമുമ്പു പൊയ്ക്കളയാം. ഏതായാലും ചികിത്സ തുടരട്ടെ. (ചക്രവത്തി പോകുന്നു. എതിർവശത്തുക്കൂടെ മഹഷിമാർ ക്ഷുഭിതരായി പ്രവേശിക്കുന്നു)

ശി- എന്താണിവിടെ വലിയ ശബ്ദംകേട്ടതു്.

സൈ- ചക്രവത്തി...തി...രു...മ...ന...സ്സ്... കൊണ്ടു്.

ഗു- കം ചം പം ഇരായസ്.

ശി- എന്തു് ചക്രവത്തി തിരുമേനിയോ? എന്നാൽ നിങ്ങൾതന്നെ ചികിത്സിച്ചുകൊള്ളുക. ഞങ്ങ ൾപോയേക്കാം. അപ്പോൾ നല്ലപാഠം പഠിച്ചു കൊള്ളും.

സൈ- മഹഷികളേ ക്ഷമിച്ചാലും, മേലാൽസൂക്ഷിച്ചു കൊള്ളാം.

ഗു- തഹോ ഇഹോ പാലോ.

ശി— എന്തു സൂക്ഷിക്കാനാണ്. സ്വാമി പറഞ്ഞതു കേട്ടോ. ഇനിയും ആദ്യംമുതൽ ചികിത്സിക്കണമെന്ന്. കഷ്ടം! ഇങ്ങനെ ബഹളം പിടിച്ചാലോ.

സൈ— പൊന്നുമഹർഷികളേ.....

ശി— താനൊരു സൈന്യാധിപനാണല്ലോ. ബോധമില്ലാത്ത ജന്തുവല്ലല്ലോ. എങ്ങനെയെങ്കിലും ഈ രോഗം ഒന്നു സുഖപ്പെടുത്തിയിട്ടുവേണം മറ്റൊരുദേശത്തേയ്ക്കു പോകാൻ എന്നു വിചാരിച്ചിരിക്കയായിരുന്നു. അപ്പോഴാണ് നിങ്ങളുടെ ഈ വൃത്തികെട്ട പണി.

സൈ— ക്ഷമിക്കണം...ജൂപ്പിററർദേവനെഓർത്ത്ക്ഷ..

ശി— ഉം. ഇവിടെ നില്ക്കണ്ടാ ഉടൻ പൊയ്ക്കൊള്ളണം. (സൈന്യാധിപൻ ആചാരത്തോടെപോകുന്നു. ശിഷ്യൻ സൈന്യാധിപൻ പോയവഴി നോക്കിനില്ക്കുന്നു)

ഗു— ഓമനേ എന്താണ് ഈ അവസരത്തിൽ ചെയ്യേണ്ടതു്. ഞങ്ങൾ ചിന്താക്കുഴപ്പത്തിൽപെട്ട് നട്ടം തിരിയുകയാണ്. ഓമനയെ തനിച്ച് ആ വിടാഗ്രേസരൻെറ മുമ്പിലെറിഞ്ഞിട്ട് എങ്ങിനെ ഞങ്ങൾ സ്വൈരമായി കഴിയും.

ഓ— നിങ്ങളാരും എന്നെപ്രതി ദുഃഖിക്കരുതേ. എന്തുതന്നെ സഹിക്കേണ്ടിവന്നാലും (കരയുന്നു) അതേ..ആ പരിപാവനകാലടികളെ..പിൻതുടരുവാൻ ഉറച്ചുകഴിഞ്ഞു.

ശി— (കരഞ്ഞുകൊണ്ടു്) ദൈവമേ! ആങ്ങനെ—അതും സംഭവിച്ചു. ഇനിയും ഞാനെന്തിനു ജീവിക്ക

ണം......ഗ്രീസുരാജ്യത്തിൻെറ പൊലിയാത്ത പൊൻതാരം അസ്തമിച്ചുകഴിഞ്ഞു.(കോപത്തോടെ) ഗുരോ ഒന്നനുവദിച്ചാൽമാത്രം മതി. ദുഷ്ടനായ ഡയോക്ലഷ്യൻെറ തല രക്തത്തിൽ കുളിച്ചു് നമ്മുടെമുമ്പിൽ കിടന്നു പിടയ്ക്കുന്നതുകാണാം. ഗുരോ ഒന്നനുവദിക്കുക. ഇക്ഷണം അവനെ ഞാൻ കാലപുരിയ്ക്കയക്കും.

ഗു– മന്ത്രീ എന്താണിപ്പറയുന്നതു്. ഇങ്ങനെ മനസ്സുദുർബലമാക്കാതെ. ശത്രുവിനോടു ക്ഷമിക്കണമെന്നല്ലേ ക്രിസ്തുനാഥൻ നമ്മെ പഠിപ്പിച്ചിട്ടുള്ളതു്. പ്രതികാരം ക്രിസ്ത്യാനിക്കുള്ളതല്ല.

ശി– ക്ഷമിക്കണം ഗുരോ. ഞാൻ ഹൃദയവേദനകൊണ്ടു പറഞ്ഞുപോയതാണു്. (കരയുന്നു) എന്നാലും...

ഗു– ഛെ. ഭീരുവിനെപ്പോലെ കരയാതെ. ജീവിതം സുഖദുഃഖ സമ്മിശ്രമാണു്.

ശി– എങ്കിലും നിർദ്ദോഷിയായ...നമ്മുടെ...മഹാരാജാവു്.....

ഓ– എരിയുന്നതീയിൽ എണ്ണ ഒഴിക്കരുതേ.

ഗു– എല്ലാം സഹിക്കുക. ഈ ശോകനാടകത്തിൻെറ പയ്യവസാനം ഒരു പക്ഷേ നാമും കാണണമായിരിക്കും. ഓമനയ്ക്കുവേണ്ടി നമുക്കു പ്രാത്ഥിക്കാം.

ഓ– മരണം എൻെറ മുമ്പിൽ താണ്ഡവമാടിക്കൊള്ളട്ടെ. ആ ദുഷ്ടൻ എൻെറ ശരീരം പിച്ചിച്ചീന്തികഴുകനെറിയട്ടെ.എന്നാലും കന്യാത്വം ഞാൻ കൈവിടുകയില്ല. ഇതു നിശ്ചയം.

ഗു— മകളേ അതു മാത്രമേ ഈ കിഴവൻ ആഗ്രഹി ക്കുന്നുള്ളു. ഒരു ക്രൈസ്തവന് മരണം സാക്ഷാ ത്തായ ജീവിതത്തിലേയ്ക്കുള്ള കാൽവയ്പാ ണ്. കുമാരി ഒരുതരത്തിലും ഭയപ്പെടരുതേ.

ഓ— എനിക്കു യാതൊരു ഭയവുമില്ല. ഇനിയും അ വസാനമായി നിങ്ങളുടെ തീഷ്ണമായ പ്രാ ർത്ഥനമാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളു.

ശി— ആ ദുഷ്ടൻ ഞങ്ങളെ ചികിത്സയ്ക്ക് ഏല്പ്പിച്ചി ത്തിയിരിക്കയാണല്ലോ. ഏതായാലും ഞങ്ങൾ യാത്ര പറയുവാൻ പോകയാണ്.

ഗു— അതേ ഓമനേ ഞങ്ങൾ യാത്ര പറയുന്നു. കോ പിഷ്ടനായ ചക്രവത്തി ഇനി എന്തൊക്കെകൂ ട്ടിക്കൂട്ടുമോ?

ഓ— നിങ്ങൾ ധൈര്യമായി പോകുക. ദൈവാനുഗ്ര ഹത്താൽ നമുക്കു പറുദീസായിൽവച്ച് സന്തോ ഷമായി കാണാം. (ശിഷ്യൻ കണ്ണുപൊത്തി കരയുന്നു)

ഗു— എല്ലാം ദൈവതിരുമനസ്സുപോലെ സംഭവി ക്കട്ടെ.

(യവനിക)

## രംഗം XI

(ഇരുട്ടറ, ഓമന മുട്ടിന്മേൽനിന്നു പ്രാർത്ഥിക്കുന്നു. രാത്രിസമയം)

ഓമന– (പാടുന്നു)

(എത്രാനല്ലീശോ.....)

അമ്മേയലിവുള്ളോരമ്മേ
നാകത്തിൻ ദീപമേ ചെമ്മേ
കൈവിടല്ലേയെന്നേ
കമ്പിടുന്നിന്നു നാഥേ—

അമ്മേ– പരിശുദ്ധകന്യകേ ഈ അഗതിയുടെ പ്രാർത്ഥന കേട്ടരുളേണമെ. എന്റെ വാത്സല്യപിതാവിനെ അനുഗ്രഹിക്കണമേ... ലൗകികസന്തോഷങ്ങളിൽ മുഴുകി സത്യവിശ്വാസത്തിനു തുരങ്കം വയ്ക്കുന്ന അജ്ഞാനികളോടു് ക്ഷമിക്കണമേ... ഡയോക്ലീഷ്യന്റെ നിഷ്ഠൂരമർദ്ദനങ്ങൾക്കു് വിധേയരായിരിക്കുന്ന സത്യവിശ്വാസികൾക്കു് സഹായവും സങ്കേതവും അവിടുന്നു് ആയിരിക്കണമേ. (കൈകൾകൂപ്പി ഭക്തിപരവശയായി മുട്ടിന്മേൽ നിൽക്കുന്നു)

മാതാവു്– (പ്രത്യക്ഷപ്പെടുന്നു) മകളേ: ഫിലോമിനാ,

ഓാമ— (പ്പാടുന്നു)

(തുടർച്ച)

ലോകവുമായതിലേതും
ആശയില്ലെന്നകതാരിൽ
നിൻതിരുകാലിണാതന്നിൽ
ചേരാൻ തുണയ്ക്കുകമ്മേ
പീഢകളേതും സഹിക്കാം
താഡനമേല്ക്കുകയാവാം
ഈ ജഡമല്ലഭികാമ്യം—
നിൻപദമത്രേ മരിയേ—

മാ—. (ഗാനാന്ത്യത്തിൽ) മകളേ നിനക്കു സമാധാനം. എന്നാൽ കഷ്ടപ്പാടുകളാൽ നീ അസ്വസ്ഥയാകും. പൊരിയുന്ന വെയിലത്തുനിന്നും എരിയുന്ന തീയിലേക്കു് നീ എറിയപ്പെടും. മാലാഖാനിന്നെ ആശ്വസിപ്പിക്കും. നിത്യാനന്ദത്തിൻെറ പൊൻമുടിയുമണിഞ്ഞു് എൻെറമകൾ സ്വർഗ്ഗത്തിൽപറന്നെത്തും. തയ്യാറായിക്കൊള്ളുക.

(യവനിക)

## രംഗം XII

(ചക്രവർത്തിയുടെ കൊട്ടാരം. ഡയോക്ലീഷ്യൻ സപരിവാരം കാണപ്പെടുന്നു.)

ഡ— സൈന്യാധിപാ, അവൾ ഇപ്പോൾ എന്തു ചെയ്യുന്നു. നമുക്കു് ആശിക്കാവുന്ന വിധത്തിൽ ചികിത്സകൊണ്ടു് വല്ല ഫലവുമുണ്ടോ? ഏതായാലും അവളെ നമ്മുടെ മുമ്പിലേയ്ക്കു് ആനയിക്കൂ.

സൈ— കല്പനപോലെ. (പോകുന്നു)

ഭടൻ— തിരുമേനീ ഇപ്രാവശ്യം കുമാരി സമ്മതിക്കുകതന്നെ ചെയ്യും. പണ്ടാരാണ്ടു പറഞ്ഞതുപോലെ അത്രമേലായിട്ടുണ്ടു്.

സൈ— (പ്രവേശിച്ചു്) റോമാസമ്രാജ്യാധിപനായ അങ്ങയുടെ മുമ്പിൽ എങ്ങനെയാണു് കുമാരിയുടെ മറുപടി ധരിപ്പിക്കുന്നതു്.

ഡ— ഉം, വേഗം പറയൂ.

സൈ— അങ്ങയുടെ മുമ്പിൽ ഹാജരാകുവാൻ മനസ്സില്ലെന്നു്.

ഡ— (അട്ടഹസിച്ചുകൊണ്ടു്) ഹ...ഹ...ഹ... എന്തു് മനസ്സില്ലെന്നോ? റോമൻ സാമ്രാട്ടായ ഈ ഡയോക്ലീഷ്യൻെറ മുമ്പിൽ ഒരു ക്രിസ്ത്യാനിപ്പെണ്ണിൻെറ പിത്തലാട്ടങ്ങൾ......സൈന്യാധി

പാ, ആ നികൃഷ്ടകീടം നമ്മുടെ മുമ്പിൽ ഉടൻ ഹാ്ജരാകണമെണ്ണ് നാം കല്പിക്കുന്നു.

സൈ- ഉത്തരവ്. (പോകുന്നു)

ഭ- ഇതടിയനു സഹിച്ചുകൂടാ. ജൂപ്പിററർ ദേവൻെറ കാരുണ്യത്താൽ ഇത്ര പ്രതാപവാനായി വാഴുന്ന അങ്ങയോട്ട് ധിക്കരിക്കുന്ന യാതൊരാളേയും ഇന്നുവരെ ജീവനോടെ വച്ചിരുന്നിട്ടില്ലല്ലോ...തിരുമേനി കല്പിച്ചാൽ മതി...അടിയൻ......

(സൈന്യാധിപൻ മഹർഷി ശിഷ്യനുമായി പ്രവേ്ശിക്കുന്നു)

ശി- തിരുമേനീ, ആയുരാരോഗ്യസമ്പൽസമൃദ്ധിയോടെ നീണാൾ വിജയിച്ചാലും.

ഡ- കൊള്ളാം നിങ്ങളുടെ ചികിത്സാനൈപുണ്യത്താൽ കാലതാമസമെന്യേ അവളിൽ ഹൃദയ പരിവത്തനം ഉണ്ടാകുമെന്നു് പ്രതീക്ഷിച്ച് നാം അക്ഷമനായി കാത്തിരിക്കുകയാണ്.

ശി- ക്ഷമയോടെ കാത്തിരുന്നാലും. രോഗശമനത്തിൻെറ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടേയുള്ളു. തന്നെയുമല്ല സംപൂർണ്ണഫലപ്രാപ്തിയുണ്ടാകുന്നതുവരെ അവ്ിടന്നു തികച്ചും വികാരസംയമനത്തോടുകൂടെ മാത്രമേ അവളെ നോക്കാൻപോലും പാടുള്ളു.

ഡ- ഇനിയും കാത്തിരിക്കണമെന്നോ? ക്ഷമയുടെ നെല്ലിപ്പലകവരെ നാം എത്തിക്കഴിഞ്ഞു. എന്നിട്ടും അവളുടെ ധിക്കാരം കണ്ടില്ലേ.

സൈ- മാത്രമോ!.....

ശി- (തടഞ്ഞുകൊണ്ടു്) നിങ്ങൾ ഒന്നും സംസാരി

യ്യുണ്ടോ. തിരുമേനി ഞങ്ങൾ മാനസികചികിത്സാപദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളതു്. ഇളകി ആടിക്കൊണ്ടിരിക്കുന്ന മനസ്സ് സ്ഥിരമായ അഭിപ്രായത്തിൽ എത്തിച്ചേരുന്നതുവരെ കാത്തിരിക്കണം.

സൈ– ഇനിയും കാത്തിരിക്കണമെന്നാണോ പറയുന്നതു്,

ശി– മരട്ട്. താങ്കൾ സംസാരിക്കാതിരിക്കണം.

ഡ– ഒട്ടും താമസിക്കുവാൻ പാടില്ല.

ശി– ഞങ്ങളുടെ നിബന്ധനകൾ നിർബന്ധമായി പാലിക്കേണ്ടതാണ്. നിവൃത്തിയില്ലെങ്കിൽതിരുമേനി ഇഷ്ടംപോലെ പ്രവർത്തിച്ചാലും. ഞങ്ങൾ ചികിത്സ നിറുത്തിയേക്കാം.

ഡ– ആകട്ടെ രണ്ടു ദിവസംകൂടെ ക്ഷമിക്കാം.

ശി– ശരി.

ഡ– ഒരു കാര്യം. അന്നു ഇതുതന്നെയാണ ഗതിയെങ്കിൽ അവളുടെ കഴുത്തിൽ ഇരുമ്പുനംകൂരംകെട്ടി ടൈബർനദിയിൽ എറിയുന്നതാണ്.

(ചക്രവർത്തി വേഗം നടന്നുപോകുന്നു)

(യവനിക)

## രംഗം XIII

(ടൈബർനദീതീരം, ഗുരുവും ശിഷ്യനും സംസാരിച്ചുകൊണ്ടു പ്രവേശിക്കുന്നു)

ഗുരു— നാം എത്രനാളാണ് ഇങ്ങനെ വേഷപ്രഛന്നരായി കഴിഞ്ഞുകൂട്ടുന്നതു്. എങ്ങനെയെങ്കിലും ഓമനയുടെ അന്ത്യരംഗംകൂടെ കണ്ടിട്ട് നമുക്ക് സ്ഥലംവിടാം.

ശി— അങ്ങു പറയുന്നതുപോലെ; ഗുരോ കുമാരി ഇന്നലെയും അതിക്രൂരമായി അടിയ്ക്കപ്പെട്ടല്ലോ.

ഗു— ഞാൻ രാവിലെ കുമാരിയെ സന്ദർശിച്ചു. അവൾ പഴയതിലും ആനന്ദഭരിതയായി കാണപ്പെട്ടു. മാംസദാഹം പൂണ്ട ആ ചെന്നായ്ക്കളുടെ ഭയങ്കരമർദ്ദനംകൊണ്ടു് കുമാരിയെ വ്യതിചലിപ്പിക്കാമെന്ന വ്യാമോഹം തികച്ചും അസ്ഥാനത്താണ്.

ശി— ആ ദുഷ്ടന്റെ ആഗ്രഹത്തിന് കുമാരി വഴങ്ങിക്കൊടുക്കാത്തതുകൊണ്ടു് നമ്മുടെ ചികിത്സയിൽ അവൻ അമർഷം പൂണ്ടിരിക്കുകയാണ്. ഹൊ...ഹൊ... മാംസദാഹം കാട്ടിക്കൂട്ടുന്ന പേക്കൂത്തുകൾ... നിർദ്ദോഷിയായ ഒരു ബാലികയോടു ചെയ്യുന്ന കടുംകൈകൾ. ഹാ ദൈവമേ! ഇതിനൊരറുതി ഉണ്ടായെങ്കിൽ...

ഗു— മതഭ്രാന്തും, മൃഗീയതചവും ഉടലെടുത്ത ഡയോക്ലഷ്യൻെറ അനന്തരപ്രവൃത്തി എന്തായിരിക്കമോ? ഏതായാലും മിന്നിററകൾക്കകം ഓമനയെ ആ ദുഷ്ടൻ ടൈബർനദിയിൽ കെട്ടിത്താഴ്ത്തുകതന്നെ ചെയ്യും.

ശി— ആ ഭയങ്കരരംഗം നാമെങ്ങനെ ദശിക്കും. എനിക്ക വയ്യാ. നമുക്കടനെ പോകാം.

ഗു— പാടില്ല പാടില്ല. അക്രമത്തിനും അനീതിയ്ക്കും എതിരായി ദൈവത്തിനു സമപ്പിക്കുന്ന ആ ദിവ്യബലിയിൽ നമുക്കും സംബന്ധിക്കണം.

ശി— (ഒരുവശത്തേയ്ക്കു നോക്കി ഭയപ്പെട്ടു്) ഗുരോ അതാ ആ ദുഷ്ടന്മാർ കുമാരിയെ പിടിച്ചുകൊണ്ടുവരുന്നു. അവർ ഈവഴി തന്നെയാണു വരുന്നതു്. നമുക്കു് അല്പം മാറി നിൽക്കാം.

ഗു— അങ്ങനെതന്നെ. (രണ്ടുപേരും നടന്നു മറയുന്നു. മറവശത്തുക്കൂടെ കഴുത്തിൽ നംക്രൂരവുംകെട്ടി ഓമന അവശയായി പ്രവേശിക്കുന്നു. പുറകെ സൈന്യാധിപനും ഭടന്മാരും)

ഭടൻ— എടീ പെണ്ണേ നിൻെറ മരണസമയം അടുത്തുകഴിഞ്ഞു. അതാ ആ കാണുന്ന ഭയങ്കര കയത്തിൽ നിൻെറ മണവാളൻ നിന്നെ കെട്ടാൻ കാത്തിരുപ്പുണ്ടു്. പണ്ടാരാണ്ടു പറഞ്ഞതുപോലെ ചെല്ലടീ അങ്ങോട്ടു്. ഉം.

സൈ— അവസാനമായി നിനക്കു് എന്തെങ്കിലും പറയുവാനുണ്ടോ?

ഓ— എനിക്കു അല്പസമയം സൈചര്യമായി പ്രാത്ഥിക്കുവാനുള്ള അനുവാദം തരണം.

ഭ— അത്രേയുള്ളോ!! പണ്ടാരാണ്ടു പ്രാർത്ഥിച്ചതുപോ

ലെ ചുമ്മാതങ്ങു പ്രാർത്ഥിച്ചോ. ഇതൊക്കെ വെറുതേയല്ലേ. (ഓമന മുട്ടിന്മേൽനിന്നു് അല്പ നേരം മൗനമായി പ്രാത്ഥിക്കുന്നു. പ്രാർത്ഥന യ്ക്കുശേഷം എഴുന്നേൽക്കുന്നു)

ഓ— ഇനിയും നിങ്ങളുടെ ഇഷ്ടംപോലെ ചെയ്തുകൊള്ളുക.

സൈ— (ഞെട്ടലോടെ) എടോ ഇവളെ ആ വലിയ കുഴിയിലേയ്ക്കു് തള്ളിയിടൂ.

ടേ— പണ്ടാരാണ്ടു പറഞ്ഞതുപോലെ ഇതു നല്ല ക്രുത്താണല്ലോ. അങ്ങാണു് അതു ചെയ്യേണ്ടതു്.

സൈ— എന്നാൽ നമുക്കു രണ്ടുപേർക്കുംകൂടെ തള്ളിയിടാം. ഉം. തയാറായിക്കൊള്ളുക. വൺ, റ്റൂ, ത്രീ എന്നു ഞാൻ പറയും. ത്രീ എന്നു പറയുന്നതും തള്ളിയിടുന്നതും ഒന്നിച്ചായിരിക്കണം.

ഭ— കല്പനപോലെ. (ഓമന കൈകൾ കൂപ്പി ഭക്തനിരതയായി നിൽക്കുന്നു)

സൈ— (അറച്ചറച്ചു) വൺ–റ്റൂ–ത്രീ. (രണ്ടുപേരും കൂടെ ഓമനയെ നദിയിലേയ്ക്കു തള്ളിയിടുന്നു. എല്ലാവരും ഭയന്നു വിറച്ചു് അങ്ങോട്ടുതന്നെ നോക്കിനിൽക്കുന്നു)

സൈ— അയ്യോ ചതിച്ചല്ലോ. അവൾ വെള്ളത്തിൽ താഴുന്നില്ല.

ഭ— ജൂപ്പിററർ ദേവാ–മഹാദേവാ

സൈ— (സൂക്ഷിച്ചുനോക്കിക്കൊണ്ടു്) അതാ ആരോ അവളുടെ അടുക്കലേയ്ക്കു് പറന്നുചെല്ലുന്നു. ഹാ എന്തൊരു പ്രകാശം. ഇവിടെ നിൽക്കണ്ടാ. നമുക്കു് കൊട്ടാരത്തിലേയ്ക്കു് ഓടാം (ഓടുന്നു)

(യവനിക)

## രംഗം XIV

(ടൈബർനദി. ഒരു മാലാഖാ പ്രത്യക്ഷപ്പെടുന്നു. ഓമനയെ കയ്യേൽ പിടിച്ചു പൊക്കുന്നു. രണ്ടുപേരും മന്ദം മന്ദം മറുകരയിലേയ്ക്കു നീങ്ങുന്നു. ഈ സമയം കർട്ടന്റെ പുറകിൽനിന്നു് സ്വരം കേൾക്കുന്നു)

ഹാ സ്വർഗ്ഗീയ സൂനമേ! നീ അങ്ങനെ ഉയരുക... ഓമനത്വം ഓളംവെട്ടുന്ന ആ മുഖം. ഇതാ ഇപ്പോഴും പുഞ്ചിരിക്കുന്നു.... അതിനെ മലീമസമാക്കാൻ മനസ്സുവച്ച മക്കടമേ... നീ എവിടെ? ആ കാലകിങ്കരന്മാരുടെ കൊലച്ചിരി എവിടെ?... ആ നീചനീചന്റെ ഒടുങ്ങാത്ത മാംസദാഹംഎവിടെ? ഓമനേ, ഫിലോമിനാ, നീ പോകുക.... അങ്ങനെ ഞങ്ങൾക്കുവേണ്ടിവീണ്ടുംദിവ്യപരിമളം പരത്തുക....

(യവനിക)

## രംഗം XV

(ഡയോക്ലഷ്യന്റെ കൊട്ടാരം ചക്രവത്തി സപരിവാരം കാണപ്പെടുന്നു)

ഡ— (കോപത്തോടെ) അവർ എവിടെ? ആ ക്രിസ്ത്യാനിപ്പെണ്ണിന്റെ മയക്കുമരുന്നിൽ മനമിളകി നാടിനെ ഒററിക്കൊടുത്ത ആ രാജ്യദ്രോഹികൾ എവിടെ? നന്ദികെട്ട ആ മക്കടങ്ങളെ ഗളച്ഛേദം ചെയ്യണം. (ശാന്തനായി) വേലി തന്നെ വിളവു തിന്നുകയോ. ഛായ് ലജ്ജാകരം. രാജശാസനത്തിന് തുരങ്കം വയ്ക്കുന്ന രാജദ്രോഹികളെ ചുട്ടു ചാമ്പലാക്കാതെ ഈ ഡയോക്ലഷ്യൻ അടങ്ങുകയില്ല. ഡോ. അങ്ങനെയല്ലേ.

സൈ— കല്പനപോലെ.

ഭ— (തലചൊറിഞ്ഞുകൊണ്ടു്) പണ്ടോരാണ്ടു പറഞ്ഞതുപോലെ . . .

ഡ— സൈന്യാധിപാ വാളെടുത്തു് ഒന്നുകൂടെ സത്യം ചെയ്യൂ.

സൈ— (വാളെടുത്തു നമസ്ക്കരിച്ചുകൊണ്ടു്) അങ്ങയുടെയും ഈ സാമ്റാജ്യത്തിന്റെയും നിലനില്പിന് അവസാന രക്തംവരെ ചിന്തുവാൻ തയാറാണെന്നും അങ്ങേയ്ക്കുവേണ്ടി സകല ക്രിസ്ത്യാനിപ്പരിഷകളേയും ഈ വാളിന് ഇരയാ

ക്കുന്നതാണെന്നും ജൂപിററർദേവൻെറ നാമത്തിൽ അടിയൻ വീണ്ടും സത്യം ചെയ്തുകൊള്ളുന്നു.

ഡ- മതി. താങ്കളുടെ ചുമതല ഒന്നുകൂടെ ശരിക്കു മനസ്സിലാക്കി പ്രവൎത്തിച്ചുകൊള്ളണം. ആദ്യമായി നാടിനെ വഞ്ചിച്ച ക്രിസ്ത്യാനികളായ ആ നരകീടങ്ങളെ കൊണ്ടുപോയി ശിരച്ഛേദം ചെയ്യുക.

സൈ- തിരുമേനീ അതുകൂടാതെ ഈ പട്ടണത്തിൽ തന്നെ മൂവായിരത്തിലധികം ക്രിസ്ത്യാനികൾ വേറെയുമുണ്ടു്.

ഡ- എന്തു് മൂവായിരം ക്രിസ്ത്യാനികളോ. ഹ . . . ഹ . . . ഹ . . .

സൈന്യാധിപ, സകല ക്രിസ്ത്യാനികളേയും ഇഞ്ചിഞ്ചായി ഞുറുക്കുക, അങ്ങനെ റോമാപ്പുരി രക്തക്കളമായി മാറണം . . . (പൈശാചികമായി) ആ കളത്തിൽനീന്തിക്കളിച്ചു് എന്റെ മനംകളിക്കണം.ഹ. . . ഹ. . . ഹ. . . ഹ . . . . ഡയോക്ലീഷ്യൻെറ ഉഗ്രശാസനത്തിൻെറ മുമ്പിൽ മരക്കുരിശിൻെറ പിണിയാളുകളുടെ ഏററുമുട്ടു്. ഹ. . . ഹ. . . ഹ... ആ ഏററുമുട്ടലിൽ ക്രിസ്ത്യാനികളുടെ മരണമണിനാദംകൊണ്ടു് ഈ അന്തരീക്ഷം മുഴങ്ങട്ടെ. (തിരിഞ്ഞു് ഉഗ്രമായി) സൈന്യാധിപാ പോകൂ. ഉം.

സൈ- കല്പനപോലെ (പോകാനൊരുങ്ങുന്നു)

ഭ- പണ്ടാരാണ്ടു പറഞ്ഞതുപോലെ ആ ഫിലോമിനാ . . . അല്ല ആ ഓമനക്കു . . .

ഡ– എന്തു്? ഫിലോമിനാ . . . അവൾ എന്തു ചെയ്യുന്നു.

സൈ– അവളിപ്പോൾ തുലഞ്ഞുകാണും. കഠിനമർദ്ദനങ്ങൾക്കുശേഷം ഇരുട്ടറയിൽ പൂട്ടിയിട്ടിരിക്കുകയാണു്.

ഡ– അവൾ തുലഞ്ഞുകാണും അല്ലേ! അവൾ തുലയണം. അവളുടെ ജഡമെടുത്തു കടലിലെറിയൂ.

ഭ– ഉത്തരവു് (പോകുന്നു)

സൈ– അതേ തിരുമേനി ആദ്യം അതുതന്നെ നടക്കട്ടെ. ഹോ എന്തു ഭയങ്കര മന്ത്രവാദിനി. എന്റെ ജൂപ്പിററർദേവാ! . . .

ഭ– (ഓടിപ്രവേശിച്ചു്) പൊന്നുതിരുമേനീ അവൾ മരിച്ചിട്ടില്ല. ഇപ്പോഴും പുഞ്ചിരിച്ചുകൊണ്ടു് കഴിയുകയാണു്.

ഡ– (ഉഗ്രകോപത്തോടെ) ഹ...ഹ...ഹ...ഹ... അവൾ മരിച്ചില്ലെന്നോ? പച്ചക്കള്ളം..... ഈ ഭയങ്കര മർദ്ദനങ്ങൾകൊണ്ടു് അവളെ കൊല്ലുവാൻ സാദ്ധ്യമല്ലെന്നോ? സൈന്യാധിപാ!

സൈ– അടിയൻ!!

ഡ– അവളെ നമ്മുടെ മുമ്പിൽ ഉടൻ കൊണ്ടുവരൂ. (സൈന്യാധിപൻ ഓടുന്നു)

ഭ– തിരുവുള്ളം പ്രസാദിച്ചു് ഒന്നു മൂളിയാൽ മതി. ആ ക്ഷണം അവളുടെ തല തിരുമേനിയുടെ മുമ്പിൽ കിടന്നു് പിടയ്ക്കും.

ഡ– ഹൊ. ഹൊ.... അവൾ ഭയങ്കരിയാണു്. മഹാമാന്ത്രിക. (ഓമനയും സൈന്യാധിപനും പ്രവേശിക്കുന്നു. ചക്രവത്തി ഓമനയെക്കണ്ടു് ഞെട്ടിത്തിരിയുന്നു) ഹ....ഹ.... ഇവളെ കൊല്ലൂ. എനിക്കു കാണണ്ടാ.

ഓ— രണ്ടു നിമിഷത്തേക്കുകൂടി ക്ഷമിക്കൂ. അല്പം പ്രാൎത്ഥിച്ചുകൊള്ളട്ടെ.

ഡ— പ്രാ—ൎത്ഥി—ക്ക—ണം പോലും. നീ മരിക്കണം യുവഹൃദയങ്ങളെ പ്രകമ്പിതമാക്കുന്ന ആകാര സുഷമയും വശ്യശക്തിയും നിന്നോടുകൂടെ നശിക്കണം. എനിക്കു വിലങ്ങുതടിയായി നിന്ന നിൻെറ ശരീരംകാകൻെറകഴുകൻെറആഹാരമായിത്തീരട്ടെ. അങ്ങനെ കോമളത്വം രൂപം പൂണ്ട നിൻെറ ശരീരം ഛിന്നഭിന്നമായിതകരണം.

സൈ— അതേ തകരണം.

ഓ— അതു കാണുവാനുള്ള ഒരു ഹൃദയമെങ്കിലും ദൈവം നിങ്ങൾക്കു തന്നിട്ടുണ്ടല്ലോ. അതിന്ന് അദ്ദേഹത്തിനു സ്തുതി പറയുക.

ഡ— നിൻെറ ദൈവം! എൻെറ കഠോരകരവാളിൻെറ മുമ്പിലോ നിൻെറ ദൈവം. (വാൾ ഊരി ശക്തിയായി ഉറയിൽ ഇട്ടുകൊണ്ടു്) നിൻെറ അനുഗാമികളായി മാളത്തിൽ ഒളിഞ്ഞു കിടക്കുന്ന ആ നീചമൂഷികവൎഗ്ഗം ഇതോടെ ഞെട്ടിവിറച്ചുകൊണ്ടു വെളിക്കു ചാടണം. അങ്ങനെ ക്രിസ്ത്യാനിപ്പുഴുക്കളെ ഭൂമുഖത്തുനിന്നും തുടച്ചുമാററണം. (തിരിഞ്ഞു് സൈന്യാധിപനോടു്) ഇവളെ കൊട്ടാരത്തിനു വെളിയിൽകൊണ്ടുപോയി അടിച്ചുകൊല്ലുക. അങ്ങനെ അവളുടെ ശരീരം ഇഞ്ചിഞ്ചായി ചിതറട്ടെ. (സൈന്യാധിപൻ ഓമനയെ കൊണ്ടുപോകുന്നു)

ഭ— തിരുമേനി അതു ഇവിടെവച്ചുതന്നെ ശരിപ്പെടുത്താമായിരുന്നല്ലോ.

ഡ— എന്തസംബന്ധമാണിപ്പറയുന്നതു്. അവളുടെ മുഖത്തു നോക്കിയാൽ എങ്ങനെ കൊല്ലുവാൻ

തോന്നും.

ഭ— സത്യം, സത്യം. എങ്ങനെകൊല്ലുവാൻതോന്നും.

ഡ— ഹാ മാദകതപം അലതല്ലുന്ന ആ മുഖാംബുജം പൊട്ടിത്തകരുകയോ? . . . (അല്പം നടന്നു് തിരിഞ്ഞുനിന്നു്) ഛായ് തകരണം . . . തകൎന്നേ മതിയാവൂ.

സൈ— (പ്രവേശിച്ചു) തിരുമേനീ ഞങ്ങളുടെ മൎദ്ദനങ്ങൾകൊണ്ടു് അവൾക്കു് യാതൊരു ഭാവവ്യത്യാസവുമില്ല. അടിയ്ക്കുന്തോറും അവൾ അധികമധികം പ്രസന്നയാകുന്നു.

ഡ— അവളെ ക്ഷണം നമ്മുടെ മുമ്പിൽ കൊണ്ടുവരു. ഉം. വേഗം.

സൈ— ഉത്തരവു്. (പോകുന്നു)

ഡ— ഇല്ല അവൾ മരിക്കുകതന്നെ വേണം. ഇനിയും നാം അവൾക്കുവേണ്ടി കാത്തിരിക്കുകയില്ല. (സൈന്യാധിപനും ഓമനയും പ്രവേശിക്കുന്നു)

ഡ— (ഭയചകിതനായി) ഇവളെ ഗളഛേദം ചെയ്യൂ. അല്ലെങ്കിൽ തൻെറ തല നമ്മുടെ മുമ്പിൽകിടന്നു് പിടയ്ക്കും. ഉം. നടക്കട്ടെ.

സൈ— കല്പനപോലെ. (ഓമനയോടു്) ഇങ്ങോട്ടു മാറിനിൽക്കു്.

ഓ— എനിക്കതിനു ഭയമില്ല. കന്യകാതപസംരക്ഷണത്തിനായി മരിക്കുവാൻ ഞാൻ തയാറാണു്. എന്നാലും അവസാനമായി പ്രാൎത്ഥിക്കുന്നതിനു് ഒരു മിനിററു് അനുവദിക്കണമേ. (ചക്രവൎത്തി ഭയത്തോടെ ഓമനയെ നോക്കുകയും പരവശനായി കാണപ്പെടുകയും ചെയ്യുന്നു. ഓമന മുട്ടിന്മേൽനിന്നു പ്രാൎത്ഥിക്കുന്നു)

എൻെറ ഈശോയെ! അങ്ങെ പ്രിയപുത്രി

ഇതാ തയാറായി വരുന്നു. ഈ എളിയ ദാസിയെ അങ്ങേ മണവറയിലേയ്ക്കു സ്വീകരിച്ചാലും. എന്റെ ഈശോ . . . എന്റെ അമ്മേ. (കൈക്കൂപ്പി തലകുനിച്ചു നിൽക്കുന്നു)

ഡ– ഉം നടക്കട്ടെ . . .

സൈ– (വാളുയർത്തി വിറച്ചുകൊണ്ട് പല പ്രാവശ്യം വെട്ടാനൊരുങ്ങുന്നു) തി...രു...മേ...നീ...

ഡ– (ഉറക്കെ) വെട്ടുവളെ. (സൈന്യാധിപൻ ഭയത്തോടെ കണ്ണടച്ചുപിടിച്ചുകൊണ്ട് ഓമനയെ വെട്ടുന്നു. ഡയോക്ലേഷ്യൻ ഭയങ്കരമായി അലറിക്കൊണ്ട് ഒരു വശത്തേക്കു മറിയുന്നു)

(യവനിക)

## രംഗം XVI

(ഓമനയുടെ കല്ലറ. മാലാഖ ഫിലോമിനായെ പിടിച്ചുകൊണ്ടു് മന്ദം മന്ദം ഉയരുന്നു, അശരീരിഗാനം മുഴങ്ങുന്നു.)

ആ സ്വർഗ്ഗീയ സൂനം അതാ ആകാശത്തിലേക്കു ഉയരുന്നു. പാപദുർഗ്ഗന്ധംകൊണ്ടു് മലീമസമായ ഈ ലോകം നിനക്കുള്ളതല്ല. നിൻെറ സന്ദേശം കേൾക്കുവാൻ ഞങ്ങൾക്കു ചെവിയില്ല. നിന്നെ പിന്തുടരുവാൻ ഞങ്ങൾക്കു് ഹൃദയമില്ല. ഹാ— കോമളകുസുമമേ, ആ പാൽപുഞ്ചിരി എന്നിനി ഞങ്ങൾ കാണും?

(യവനിക)

## രംഗം XVII

(റോമിലെ തെരുവു്. സന്ധ്യാസമയം. ഭ്രാന്തുപിടിച്ച സൈന്യാധിപൻ പൈശാചികവേഷത്തിൽ പ്രവേശിക്കുന്നു)

കസ– ഭ്റാന്തു്...ഹ...ഹ...ഹ... എനിക്കു ഭ്റാന്തു്. (ഒരു ഭാഗത്തേക്കു സൂക്ഷിച്ചുനോക്കി ഭയന്നു്) ഒരസ്ഥികൂടം... അതെന്നെ നോക്കി... ചിരിക്കുന്നു... (ഒരു ബിഭത്സരൂപം അടുത്തുവരുന്നതായി ഭാവിച്ചു) അതെന്നെ...പിടിയ്ക്കും...ഹാ...രക്തപ്പുഴ... (ചുററും നോക്കി) ഹാ...എനിക്കു...ജീവിക്കണം...ഹ...ഹ...ഹ... (പെട്ടെന്നു മുമ്പോട്ടുചെന്നു് എന്തോ കണ്ടതായി ഭാവിച്ചു്) ആയിരമായിരം തലയോട്ടുകൾ...ന്റത്തം വയ്ക്കുന്നു...ഹാ... എന്തൊരു സന്താപങ്ങൾ...അതെന്നെ...തിന്നും...ഹാ... മരണം...മധുരമായ മരണം...അതെന്നെ...മാടിവിളിക്കുകയാണു്...ങും... മരണം... മധുരമേ...? ആരാണു പറഞ്ഞതു്...ഹാ... ഭയങ്കരം... എനിക്കു...മരിക്കണം... (തന്നത്താൻ കഴുത്തിൽ പിടിച്ചു ഞെരിക്കുന്നു) മരിക്കണം... ഹ...ഹ...ഹ... ഹ ... ഞാനെന്തിനവളെ...കൊന്നു...എൻെറവാൾ...എവിടെ...?

(വാൾ തപ്പിക്കൊണ്ടു്) എനിയ്ക്കു്...ഈ വാളുകൊണ്ടു മരിക്കണം... ആകാശത്തേയ്ക്കുനോക്കി ആരെയോ കണ്ടതായി ഭാവിച്ചു്) ഹാ... ഫിലോമിനാ...ഓമനക്കുമാരീ...നീ മരിച്ചില്ലേ...മരിച്ചു... (ഭയന്നു പുറകോട്ടു മാറി) നോക്കാതെ... നീ എന്നെ...നോക്കാതെ... എന്നെ നോക്കിയാൽ...എനിക്കു ഭ്രാന്തുവരും...ഹ...ഹ...ഹ...ഹ... ഭ്രാന്തേ... മരണഭ്രാന്തു്. (തലമുടി വലിച്ചു പറിയ്ക്കുന്നു) ഇല്ല... എനിക്കു രക്ഷയില്ല....ഞാൻ കൊന്നവരെല്ലാംകൂടി.... എന്നെ കൊല്ലും.... എൻെറ ഫിലോമിനാ....എൻെറ ഓമനക്കുമാരീ...എന്നെ....രക്ഷിക്കണേ.... മ....ര....ണം.... (ഉറക്കെ അട്ടഹസിക്കുന്നു. ബോധശൂന്യനായി മറിഞ്ഞുവീഴുന്നു. ഗുരുവും ശിഷ്യനും പ്രവേശിച്ചു് വേണ്ട പ്രഥമശുശ്രൂഷ നടത്തുന്നു. എഴുന്നേല്പിച്ചിരുത്തുന്നു.)

ഗു- ഭയപ്പെടേണ്ടാ സഹോദരാ, ഓമനക്കുമാരിയുടെ കാലടികളെ പിന്തുടരുന്ന രണ്ടു ക്രിസ്ത്യാനികളാണു് ഞങ്ങൾ.

സൈ- അല്ലല്ല നിങ്ങൾ മ-ഹ-ഷി-മാ-രാണു്. കുമാരി എവിടെ? എൻെറ കുമാരീ...

ശി- സഹോദരാ സമാധാനിക്കുക. ഞങ്ങൾ മഹഷിവേഷം ധരിച്ച രണ്ടു ക്രിസ്ത്യാനികളാണു്. കുമാരിയെ രക്ഷിയ്ക്കാമെന്നു വിചാരിച്ചു് ഈ കപടവേഷം കെട്ടിയെന്നുമാത്രം.

സൈ- അപ്പോൾ നിങ്ങൾ ക്രിസ്ത്യാനികളാണു്. എനിക്കൊരു സമാധാനവുമില്ല. ഈ ദുരവസ്ഥയിൽ നിങ്ങൾ മാത്രമാണു് എൻെറ രക്ഷാ

മാർഗ്ഗം.

ഗു- സമാധാനിച്ചാലും. ദൈവം കരുണാനിധിയാണ്. ചെയ്തുപോയ തെററിനു് മാപ്പപേക്ഷിക്കുക. സമാധാനവും സംതൃപ്തിയും അവിടുന്നു് പ്രദാനം ചെയ്യും.

സൈ- ഞാൻ ഭയങ്കരപാപിയാണ്. നിർദ്ദോഷികളായ എത്ര എത്ര പേരെ... നിഷ്കരുണം... വധിച്ചു. ഹ... ഫിലോമിനാ...ഓമനേ നീമാത്രമാണ് എൻെറ രക്ഷാമാർഗ്ഗം.പരിശുദ്ധമായ നിൻെറ ജീവിതത്തേയും പാവനമായ ആദർശത്തേയും തച്ചുടയ്ക്കുന്നതിനു് കൂട്ടുനിന്ന ഈ ഘാതകനോടു് ക്ഷമിക്കണമേ. പാവം അവൾ സത്യത്തിനും നീതിയ്ക്കും വേണ്ടി മരിച്ചു...

ഗു- ഇല്ല സഹോദരാ അവൾ മരിച്ചിട്ടില്ല.

സൈ- ഇല്ലേ? അവൾ മരിച്ചില്ലേ? എന്നാൽ എനിക്കു് ഉടനെ അവളെ കാണണം. (ചാടിഎഴുനേൽക്കുന്നു)

ഗു- നശ്വരമായ ശരീരം നശിച്ചെങ്കിലും അനശ്വരമായ അവളുടെ ആത്മാവിനെ തകർക്കുവാൻ നിങ്ങളെക്കൊണ്ടു സാധിച്ചില്ല...

ശി- ജീവിച്ചിരിക്കുന്ന ആയിരമായിരം മനുഷ്യാത്മാക്കൾക്കു മാർഗ്ഗദർശനം നൽകിക്കൊണ്ടു് സ്വർഗ്ഗീയ പന്ഥാവിലെ കെടാവിളക്കായി ആ കുമാരി പ്രശോഭിക്കുന്നു. ആ വെളിച്ചത്തിലേക്കു നമുക്കു പോകാം.

സൈ- അങ്ങനെതന്നെ.... പോകണം....വേഗംപോകണം.... (സൈന്യാധിപൻ ഗുരുവിൻേറയും ശിഷ്യൻെറയുംസഹായത്തോടെനടന്നു പോകുന്നു.

(യവനിക)

## രംഗം XVIII

(ഓമനയുടെ കല്ലറ. വളരെയധികം തിരികൾ കത്തിച്ചുവച്ചിരിക്കുന്നു. അനേകം പേർ പല സെററായി വന്നു പ്രാർത്ഥിച്ചുപൊയ്ക്കൊണ്ടിരിക്കുന്നു. സൈന്യാധിപനെ പിടിച്ചുകൊണ്ടു് ഗുരുവും ശിഷ്യനും പ്രവേശിക്കുന്നു)

സൈ— ഹാ.... എൻെറ പൊന്നു ഫിലോമിനാ.... നിന്നെ വധിച്ചു ഘാതകനാണു് ഞാൻ. (മുട്ടുകുത്തുന്നു) എനിക്കു....മാപ്പു തരണമേ....അയ്യോ ഞാൻ പാപി.... മഹാപാപി.

ഗു— നിരാശപ്പെടാതെ സഹോദരാ! എല്ലാം ദൈവം ക്ഷമിക്കും. താങ്കൾ കല്പന നിർവ്വഹിച്ചെന്നേയുള്ളു.

സൈ— ഹ...ഹ...ഹ...ഹ... ചക്രവത്തി ദുഷ്ടൻ... അവനെൻെറ ചക്രവത്തിയല്ല...അവനെ ഞാൻ...കൊല്ലും...

ഗു— ഒരു ക്രിസ്ത്യാനി പ്രതികാരചിന്ത വെടിയണം. ദൈവം നമ്മോടു ക്ഷമിക്കുന്നതുപോലെ നാമും ക്ഷമിക്കേണ്ടതല്ലേ.

ശി— നമുക്കു പ്രാർത്ഥിക്കാം. അനവധി ആളുകൾ വന്നുകൊണ്ടിരിക്കുന്നു. (എല്ലാവരും മുട്ടുകുത്തി പ്രാർത്ഥിക്കുന്നു)

സൈ- (എഴുന്നേററ്) പ്രിയപ്പെട്ട സഹോദരിസഹോദരന്മാരേ ഞാൻ ക്ഷമാപണത്തോടെ ഒരു കാര്യം നിങ്ങളെ അറിയിക്കുന്നു. ഇന്നെനിക്കു സമാധാനം ലഭിച്ചു. എനിക്കു മനസ്സിനു വലുതായ സന്തോഷം ഉണ്ടായിരിക്കുന്നു. എന്റെ ജീവിതം ഭയങ്കരങ്ങളായ അനവധി തെററുകളുടെ ക്രൂത്തരങ്ങായിരുന്നു. പുണ്യചരിതയായ ഫിലോമിനായുടെ അതേ നമ്മുടെ ഓമനക്കുമാരിയുടെ പ്രാർത്ഥനയാൽ, നല്ലവനായ ദൈവം എന്നോടു എല്ലാം ക്ഷമിച്ചു. അതിനാൽ നിങ്ങളിൽ ആരെങ്കിലും സമാധാനം ആഗ്രഹിക്കുന്നുവെങ്കിൽ—വേഗം മാനസാന്തരപ്പെട്ടുവിൻ. നല്ലവനായ ദൈവത്തിന്റെ അനന്തകാരുണ്യത്തിൽ ശരണപ്പെട്ടുവിൻ. സഹോദരങ്ങളെ നിങ്ങളെല്ലാവരും ക്രിസ്ത്യാനികളായിരിക്കുമല്ലോ. ആരും ചാരന്മാരല്ലെന്ന് വിശ്വസിക്കട്ടെയോ?

എല്ലാവരും- ഞങ്ങൾ ചാരന്മാരല്ല. ക്രിസ്തുവിൽവിശ്വസിക്കുന്നവരാണ്.

സൈ- പ്രിയ സഹോദരങ്ങളേ, നിങ്ങളുടെ പ്രതാപങ്ങൾ വലിച്ചു ദൂരെയെറിയുക. യഥാർത്ഥമതമായ ക്രിസ്തുമതത്തിൽ ഉറച്ചു വിശ്വസിക്കുക. ഏതു ചക്രവർത്തിയും നമ്മുടെ തല എടുത്തുകൊള്ളട്ടെ. ഒരുപക്ഷേ ആ നരാധമൻ ഇന്നുതന്നെ എന്നെ പിടിച്ചേക്കാം. പിടിച്ചുകൊള്ളട്ടെ. ഇനിയും ലൗകികപ്രതാപങ്ങളൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല. രാജാധിരാജനായ ക്രിസ്തുവിന്റെ കൊടിക്കീഴിലാണ് ഇനിയും എന്റെ സേവനം.

ഗ്ര- പ്രിയപ്പെട്ടവരേ, ജൂപ്പിററർ എന്ന കള്ളദേവൻെറ ആരാധകരുടെ ആസ്ഥാനമായ ഈ റോമിൽ, ഡയോക്ലഷ്യൻെറ കിരാതഭരണം നടമാടുന്ന ഇഴ നാട്ടിൽ ഇത്രയുംപേർ ക്രിസ്ത്യാനികളായി കാണപ്പെടുന്നതിൽ ഞാൻ അധികയായി ആനന്ദിക്കുന്നു. നരാധമന്മാരായ ഏതു ചക്രവത്തിയും നമ്മെ നേരിട്ടുകൊള്ളട്ടെ. അധൈര്യപ്പെടരുതു്. മതത്തിനുവേണ്ടി മരിക്കുവാൻ നിങ്ങളോരോരുത്തരും തയാറായിരുന്നുകൊള്ളണം. നമ്മേപ്പോലെ ജീവിച്ച ഇവൾ ഇന്നിതാ എല്ലാവരാലും വണങ്ങപ്പെടുന്നു. അവളുടെ പ്രവൃത്തി ദൈവത്തിനു് ഏററം ഇഷ്ടപ്പെട്ടു. അതിൻെറ സമാപനമാണിതു്. എന്തുമാത്രം അത്ഭുതങ്ങൾ ഇവിടെ നടക്കുന്നു...ഞാൻ നിങ്ങൾക്കായി ഈ വേഷം കെട്ടി. ഇനിയും മരണത്തേപ്പോലും വരിക്കാൻ തയ്യാറായി- അല്ല സ്വർഗ്ഗീയവിരുന്നിനു തയാറായി- നമുക്കു് അജ്ഞാനികളുടെ മദ്ധ്യത്തിലേയ്ക്കു് താരിക്കാം. (എല്ലാവരും എഴന്നേററു് തയ്യാറികുന്നു) പുണ്യവതിയായ ഫിലോമിനാ-അതേ നമ്മുടെ ഓമനക്കുമാരി-നമുക്കുവേണ്ടി പ്രാത്ഥിക്കുന്നുണ്ടു്. അതിനാൽ ധൈര്യമായി നമുക്കു പുറപ്പെടാം.

ക്രിസ്തുരാജൻ...ജയിക്കട്ടെ.

ക്രിസ്തുമതം...പരക്കട്ടെ.

(ഇങ്ങനെ മൂന്നു പ്രാവശ്യം ഉറക്കെ വിളിച്ചുപറയുന്നു. മററുള്ളവർ ഏററു പറയുന്നു.)

(യവനിക)

ശുഭം.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| | | |

DC Library
*00003909*
T62 OT8

Indic Digital Archive Foundation
gpura.org
T62
0t8